മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 08 THE ONLINE OFFICIAL NEWS BULLETIN 2023 February 25

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
26 Garbo (Leper) 2nd Sunday of Great Lent  ♪2	27 ♪6	28 ♪2	1 Comm. of Mar Anthrayos Bava (St. Marys Church, Kallada)  ♪6	2 36th Memorial of Konattu Abraham Malpan (Pambakuda)  ♪2	3 ♪6	4 ♪2



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായുടെ അധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ 2023 ഫെബ്രുവരി 20-24 തീയതികളിൽ നടന്നു.



പ. വട്ടശേരിൽ തിരുമേനിയുടെ 89-ാം ഓർമ്മപെരുന്നാളിന് പഴയസെമിനാരിയിൽ പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.

എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്ത്യതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിലാണ് സുന്നഹദോസ് നടന്നത്.

സൺഡേ സ്കൂൾ പ്രസ്ഥാനം, ബാലസമാജം എന്നിവയുടെ പ്രസിഡന്റായി ഡോ. ജോസഫ് മാർ ദിവന്നാസിയോസിനെയും നാഗ്പൂർ സെന്റ് തോമസ് വൈദിക സെമിനാരി വൈസ് പ്രസിഡന്റായി അലക്സിയോസ് മാർ യൗസേബിയോസിനെയും നിയമിച്ചു. സഭയുടെ സിബിഎസ്ഇ സ്കൂളുകളുടെ മാനേജരായി ഡോ. ഗീവർഗീസ് മാർ ബർന്നബാസിനെ നിയോഗിച്ചു.

ഡോ. ഗ്രബിയേൽ മാർ ഗ്രിഗോറിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ് എന്നിവർ ധ്യാനം നയിച്ചു.

ഓർത്തഡോക്സ് സഭയ്ക്ക് 1024 കോടി രൂപയുടെ ബജറ്റ്

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ 1024 കോടി രൂപയുടെ ബജറ്റ് പാസാക്കി. കോട്ടയം പഴയസെമിനാരിയിൽ നടന്ന മാനേജിംഗ് കമ്മിറ്റി യോഗമാണ് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ച ബജറ്റിന് അംഗീകാരം നൽകിയത്. പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.

മാർത്തോമാ ശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ ജൂബിലിയുടെ ഭാഗമായി മാർത്തോമൻ ഭവന നിർമ്മാണം, വിവാഹസഹായം തുടങ്ങി വിവിധ പദ്ധതികൾക്കായി തുക വകയിരുത്തി. 2024 ജൂലൈ 3-ന് മാർത്തോമാ ശ്ലീഹായുടെ മൈലാപ്പൂരിലെ കബറിടത്തിൽ പരിശുദ്ധ കാതോലിക്ക ബാവ വിശുദ്ധ കുർബാന അർപ്പിക്കും. സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും പങ്കെടുക്കും. ജൂബിലി ആഘോഷങ്ങളുടെ സമാപനം കുറിച്ച് കോട്ടയത്ത് മഹാ സമ്മേളനം നടക്കും. നിർധന വിധവമാരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം. സഭാംഗങ്ങളായ ഓട്ടോ ഡ്രൈവർമാരുടെ പെൺമക്കളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പ്, നെൽ ക്ഷീര കർഷകർക്ക് കൈത്താങ്ങൽ, ഡയാലിസിസ് ലിവർ ട്രാൻസ്പ്ലാന്റേഷൻ ധനസഹായം, തിരുവനന്തപുരത്ത് പബ്ലിക് റിലേഷൻ സെന്റർ, ദേവലോകം അരമനയിൽ പുതിയ ബ്ലോക്ക് നിർമ്മാണം തുടങ്ങിയവയാണ് നൂതന പദ്ധതികൾ.

മാർത്തോമാ ശ്ലീഹാ വന്നിറങ്ങിയ മുസിരിസിൽ മർത്തോമൻസ് സ്മൃതി മണ്ഡപവും നിർമ്മിക്കും. മുളന്തുരുത്തി മർത്തമറിയം പള്ളിയിൽ സമാധാനപരമായ അന്തരീക്ഷത്തെ തകർക്കാൻ ശ്രമിച്ച പാത്രിയാർക്കീസ് വിഭാഗത്തിന്റെ പ്രവൃത്തി അങ്ങേയറ്റം അപലനീയമെന്ന് എന്ന് ഓർത്തഡോക്സ് സുറിയാനി സഭ മാനേജിംഗ് കമ്മിറ്റി അംഗം എബിൻ മത്തായി പൊനോടത്ത് പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു.ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനി ധ്യാനം നയിച്ചു. പോപ്പ് എമരിറ്റസ് ബനഡിക്റ്റ് XVI മാർപാപ്പയുടെ വിയോഗത്തിലും സഭാ മുൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ അഡ്വ. കെ. ജോർജ്, കെ. ഒ. വർഗീസ് എന്നിവരുടെ ദേഹവിയോഗത്തിലും അനുശോചനം രേഖപ്പെടുത്തി. പി.എസ്.സി. അംഗം ആയി നിയമിക്കപ്പെട്ട ഡോ. ജിപ്സൻ വി പോൾ വിമുക്തി മിഷൻ പത്തനംതിട്ട ജില്ലാ കോഓർഡിനേറ്റർ ആയി നിയമിതനായ അഡ്വ. ജോസ് വർഗീസ് കളിയ്ക്കൽ, റബർ ബോർഡ് അംഗങ്ങൾ ആയി നിയമിതനായ കോര സി ജോർജ് , പി. പി. ജോർജുകുട്ടി കോത്തല എന്നിവരെ അനുമോദിച്ചു. സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ അല്മായ ട്രസ്റ്റി റോണി വർഗീസ് എന്നിവർ പ്രസംഗിച്ചു.

> "നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."
>
> – പ. വട്ടശ്ശേരിൽ തിരുമേനി

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

പുസ്തകം



വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം ഏഴ്

ദിവ്യരഹസ്യങ്ങളുടെ അപ്പവും അവയുടെ സൂചനകളും

ഈ അദ്ധ്യായത്തിൽക്കൂടെ ഇതേ കാര്യത്തിന്റെ മറ്റ് ക്രമീകരണങ്ങൾ അഥവാ രീതികളെക്കുറിച്ച് നമുക്ക് നോക്കാം. അപ്പങ്ങൾ കാനോനാകളിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ ക്രമീകരിക്കുന്നു. കുർബാനയ്ക്കുള്ള അപ്പം അതേ ദിവസം തന്നെ ചുട്ടതായിരിക്കണം ബലിപീഠത്തിൽ സമർപ്പിക്കേണ്ടത് ഒരു ദിവസം കഴിഞ്ഞതായിരിക്കരുത്, അതിനുള്ള അധികാരം (അനുവാദം) ഇല്ല. ചിലർ ചോദിക്കാറുണ്ട് എന്തുകൊണ്ടാണ് ദിവ്യരഹസ്യങ്ങളുടെ അപ്പം പുതുതായി ചുട്ടെടുക്കണം (എന്ന് പറയുന്നത്). നാം പറയും മന്നാ ഓരോ ദിവസവും പുതുതായിട്ടാണ് ഭക്ഷണമായി നൽകിയിരുന്നത് രണ്ടാമത്തെ ദിവസത്തേക്ക് മാറ്റി വച്ചിരുന്നത് നശിച്ചുപോയിരുന്നു. വീണ്ടും, ഓരോ ദിവസവും പുതിയ അപ്പം നൽകുന്നതുപോലെ നമ്മുടെ പ്രവർത്തികളിലും പുതിയവരാകണം പഴയ പാപങ്ങൾ നമ്മിൽ നിന്ന് മാറ്റപ്പെടണം.

എന്തുകൊണ്ടാണ് ഒരു ദിവസം ഒരു പ്രാവശ്യം മാത്രം ഒരു മേശയിൽ അതായത് ബലിപീഠത്തിൽ ബലി അർപ്പിക്കാനൊക്കൂ (എന്ന് പറയുന്നത്). നാം പറയും ബലിപീഠം കബറിനെയാണ് സൂചിപ്പിക്കുന്നത്. മശിഹായുടെ ശരീരം ഒരു പ്രാവശ്യം (മാത്രമേ) കബറടക്കിയിട്ടുള്ളൂ പല പ്രാവശ്യം നടത്തിയില്ല. അതുകൊണ്ട് ഒരു ദിവസം ഒരു പ്രാവശ്യം (മാത്രം) ഒരു ബലിപീഠത്തിൽ ബലി അണയ്ക്കുന്നത് ഉചിതമായിരിക്കും.


ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുന്നതിനു മുമ്പ് എന്തുകൊണ്ടാണ് നാം ഉപവസിക്കുന്നത്? അത്യാഗ്രഹവും ഭക്ഷണവും മൂലമാണ് നാം ജീവവൃക്ഷത്തിൽ നിന്ന് വീണുപോയത്. ഉപവാസം മൂലം അത്യാഗ്രഹത്തെ നാം കീഴടക്കി അതിനുശേഷമാണ് ജീവന്റെ ഫലമായ ക്രിസ്തുവിന്റെ ശരീരം നാം സ്വീകരിച്ചത്.

കുർബാനയ്ക്ക് മുമ്പ് ബലിപീഠത്തിൽ വച്ചിരിക്കുന്ന അപ്പവും വീഞ്ഞും പുൽക്കൂട്ടിൽ കിടത്തിയിരുന്ന പുത്രനെ കീറ്റത്തുണി കൊണ്ട് ചുറ്റിയിരുന്നതു പോലെ അന്നാഫൂറാ (ശോശപ്പാ) അഥവാ തൂണി കൊണ്ട് മൂടുന്നു.

തബലീത്തായേക്കുറിച്ച്

തബലീത്താ എന്നാൽ ബലിപീഠമാകുന്നു. അങ്ങനെ വിളിക്കുവാൻ കാരണം അതിന്റെ ചതുരാകൃതി കൊണ്ടാണ്. കൂടുതലും അത് തടികൊണ്ടാണ് നിർമ്മിക്കുന്നത് കാരണം നമ്മുടെ രക്ഷകനെ വൃക്ഷം, ജീവവൃക്ഷം എന്നിങ്ങനെയാണല്ലോ വിളിക്കപ്പെട്ടിരുന്നത്. അത് ഈടുള്ളതും നീണ്ടു നിൽക്കുന്നതുമായ തടികൊണ്ടാണ് നിർമ്മിക്കുന്നത്. സ്വർണ്ണമോ, വെള്ളിയോ, ഗ്ലാസ്സോ, ഈയമോ കൊണ്ടുള്ള പീലാസായും കാസായുമാണ് അതിന്മേൽ വച്ചിരുന്നത്.

318 (പിതാക്കന്മാരുടെ) വിശ്വാസപ്രമാണവും അതിന്റെ ചുരുക്ക വിവരണവും



പ്രാരംഭ സെദറായ്ക്ക് ശേഷം പുരോഹിതൻ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് പറഞ്ഞ് ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ കാലം മുതൽ കുസ്തന്തീനോസ് രാജാവു വരെ സെദറായ്ക്കും ധൂപത്തിനും ശേഷം പുരോഹിതൻ കുർബാന ആരംഭിക്കുകയല്ലാതെ ഒന്നും തന്നെ പറഞ്ഞിരുന്നില്ല എന്നറിയുന്നത് ഉചിതമായിരിക്കും. 318 പേരുടെ സുന്നഹദോസ് ഈ വിശ്വാസ പ്രമാണം രൂപീകരിക്കുകയും കുർബാന തുടങ്ങുന്നതിന് മുമ്പ് ചൊല്ലണമെന്ന് കൽപ്പിച്ച് നിശ്ചയിക്കുകയുണ്ടായി. കൂടാതെ വിശ്വാസികൾ ഇത് ഏറ്റു ചൊല്ലുകയും വേണം. ഒന്ന് അവർ ശരിയായി വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യണമെന്ന് അവർ തിരിച്ചറിയണം. രണ്ട്, അവർക്ക് ഒരു വിശ്വാസവും അതുവഴി അവരുടെ മനസ്സുകളേയും ഹൃദയങ്ങളേയും അധരങ്ങളേയും ശുദ്ധീകരിക്കരിക്കപ്പെടണം എന്ന് അവർ അറിയണം. അർപ്പിക്കുന്നയാൾ അത് ആരംഭിക്കണം എന്നത് ഉചിതമാണ്, കാരണം അവൻ സഭാഗാത്രത്തിന്റെ മുഴുവൻ നാവാണ്.

ഞാൻ വിശ്വസിക്കുന്നു എന്നാണ് സുന്നഹദോസ് കൽപ്പിച്ചാക്കിയത് അല്ലാതെ ഞങ്ങൾ വിശ്വസിക്കുന്നു എന്നല്ല. കാരണം പരസ്പരം പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുവാൻ ഇതൊരു പ്രാർത്ഥനയോ അപേക്ഷയോ അല്ല എന്നാലോ വിശ്വാസപ്രമാണം ആകുന്നു. ഒരാൾക്കുവേണ്ടി മറ്റൊരാൾ വിശ്വസിക്കുവാനോ ഏറ്റുപറയുവാനോ നീതീകരിക്കുവാനോ കഴിയുകയില്ല. എന്നാൽ എല്ലാവരും അവരവർക്കുവേണ്ടിത്തന്നെ ഏറ്റുപറയണം. അതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു എന്ന് എല്ലാവരും അവനവനു വേണ്ടിത്തന്നെ പറയണം. മറ്റു ചിലരാകട്ടെ വിശ്വാസികളിൽ ഓരോരുത്തനും ഞാൻ വിശ്വസിക്കുന്നു എന്ന് പറയണം എന്ന് പറയുന്നു. തന്റെ ആടുകളെ മുഴുവൻ പ്രതിനിധീകരിക്കുന്നവൻ എന്ന നിലയിൽ ജനത്തിന്റെ തലവനും സഭാഗാത്രത്തിന്റെ

നാവും എന്ന നിലയിലും ഞങ്ങൾ വിശ്വസിക്കുന്നു എന്ന് മേൽപ്പട്ടക്കാരനോ കശ്ശീശായോ പറയുന്നത് ഉചിതമായിരിക്കും.

ഈ വിശ്വാസപ്രമാണത്തെ അഞ്ച് ഭാഗങ്ങളായി തിരിക്കാവുന്നതാണ്. ഒന്നാമത്തേത് ദൈവശാസ്ത്രം അഥവാ ദൈവികമായ സംവാദം, രണ്ട്, മനുഷ്യാവതാരം, മൂന്ന്, മാമോദീസായേക്കുറിച്ച്, നാല്, പൊതുവായ പുനരുത്ഥാനത്തേക്കുറിച്ച്, അഞ്ച്, അവസാന ന്യായവിധിയേക്കുറിച്ച്.

നാം താഴെ പ്രതിപാദിക്കുന്ന വിശ്വാസപ്രമാണം പൂർണ്ണമായും നിഖ്യായിലെ പിതാക്കന്മാർ എഴുതിയതല്ല. സർവ്വശക്തനായ, ആകാശത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റേയും സ്രഷ്ടാവായ ഏക പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

പിതാവിൽ നിന്ന് ഏകജാതനായി ജനിച്ചവനും പിതാവിന്റെ സാരാംശത്തിൽ നിന്നുള്ളവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യ ദൈവത്തിൽ നിന്നുള്ള സത്യ ദൈവവും, ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും സാരാംശത്തിൽ പിതാവിനോട് സമനായിരിക്കുന്നവനും, ആകാശത്തിലും ഭൂമിയിലും ഉള്ള സകലവും താൻ മുഖാന്തിരം നിലവിൽ വരുത്തിയവനും (സൃഷ്ടിച്ചവനും), മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി ഇറങ്ങി ജഡം ധരിച്ചു, മനുഷ്യനായി, കഷ്ടത അനുഭവിച്ചു, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിലേക്ക് കയറി ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാനായി വരുന്നവനുമായ ദൈവത്തിന്റെ പുത്രനായ യേശു മിശിഹായായ ഏക കർത്താവിലും ഏക പരിശുദ്ധ റൂഹായിലും (ഞാൻ വിശ്വസിക്കുന്നു).

നിഖ്യായിലെ പിതാക്കന്മാർ ഇവ എഴുതി, ബാക്കിയുള്ളവ വേറേ 150 പിതാക്കന്മാർ കുസ്തന്തീനോസ്പോലീസിൽ കൂടി മാസിഡോണിയർക്കെതിരെ കൂട്ടിച്ചേർത്തതാണ്. അവർ പരിശുദ്ധാത്മാവ് കർത്താവും ദൈവവും ആണെന്ന് വിശദീകരിച്ചു. പിന്നീടത് സ്ഥിരീകരിച്ചു.

വിശ്വാസപ്രമാണത്തെ ചെറുതായി വിശദീകരിക്കാം

ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ഇവിടെ വിജാതീയരുടെ അനേക ദൈവങ്ങളെ നിരാകരിക്കുകയും ഏക കർത്താവാകുന്നു നിങ്ങളുടെ ദൈവമായ കർത്താവ് എന്ന മോശയുടെ (വിശ്വാസം) ശരിവയ്ക്കുകയുമാണ് (ആവ 6:4).

സർവ്വശക്തിയുള്ള പിതാവ്. അതുകൊണ്ട് അവനിൽ നിന്ന് ജനിച്ച പുത്രൻ അവനോടുകൂടെ എണ്ണപ്പെടുമെന്നുള്ള സൂചനയും യെഹൂദന്മാരുടെ ദൈവത്വം ഏക ആളത്തമായി ചുരുക്കുന്ന മൊണാർക്കിയനിസത്തെ തള്ളിക്കളയുവാനുമാണ് അവർ ചൊല്ലുന്നത്. സർവ്വശക്തൻ എന്ന (പദം) മൂലം തിന്മയായതും തെറ്റായതുമായ മാണിയുടെ തത്വത്തെ തള്ളിക്കളഞ്ഞു. അങ്ങനെ ഒരു തിന്മ ഇല്ല, അത് കാണുന്നും ഇല്ല. തിന്മ എന്ന അവന്റെ അഭിപ്രായം അവർ (മാണിയുടെ ശിഷ്യന്മാർ) എടുത്ത് അതിന് ഉണ്മയും ആളത്വവും കൊടുത്തു. ഈ തത്വത്തിൽ നിന്നാണ് തിന്മകളെല്ലാം പുറപ്പെടുന്നത് എന്ന് അവർ പഠിപ്പിച്ചു.

സ്വർഗ്ഗത്തിന്റെ സ്രഷ്ടാവായ ഇത്യാദി. ഇതുമൂലം ആദിയിൽ പദാർത്ഥങ്ങൾ (matters) ഉണ്ടായിരുന്നുവെന്നും അവ സൃഷ്ടിക്കപ്പെട്ടതല്ല എന്നും പറയുന്ന വ്യർത്ഥന്മാരായ സോഫിസ്റ്റുകളെ മിണ്ടാതാക്കുകയാണ്. അവർ (പിതാക്കന്മാർ) അവർക്കെതിരെ നിന്ന് കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റേയും സൃഷ്ടാവ് ദൈവം ഒരുവനാണ് കാണിച്ചു കൊടുത്തു.

യേശുമശിഹായായ ഏക കർത്താവിലും

ഈ വാക്യം മൂലം അവർ എഴുന്നേറ്റ് ഭാവിയിൽ ഉണ്ടായേക്കാവുന്ന സ്വഭാവങ്ങളേയും ആളത്തങ്ങളേയും സംബന്ധിച്ച പഠിപ്പിക്കലുകളെ അതായത് നെസ്തോറിയരേയും കൽക്കദോന്യരേയും പോലെയുള്ളവരെ തടഞ്ഞു. ഗുരുക്കന്മാർ കൈമാറിത്തന്ന അവന്റെ രക്ഷാകരവ്യാപാര നാമങ്ങൾ അവന്റെ നിത്യതയെക്കുറിച്ചുള്ളവയായിരുന്നു. യേശു, മശിഹാ എന്നീ (നാമങ്ങൾ) അവന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടവയാണ്. ദൈവശാസ്ത്രജ്ഞനും (നാസിയാൻസിലെ മാർ ഗ്രീഗോറിയോസ്) ഇതുപോലെ പഠിപ്പിക്കുന്നു. അവന്റെ സ്വഭാവങ്ങൾ യോജിച്ചിരിക്കുന്നതുപോലെ അവന്റെ സംജ്ഞകളും (Titles) പേരുകളും (യോജിച്ചിരിക്കുന്നു). ക്ലൗദ്യോനോസിനുള്ള ലേഖനത്തിൽ അവൻ ഇങ്ങനെ



പറഞ്ഞു "അവന്റെ സ്വഭാവങ്ങൾ യോജിച്ചിരിക്കുന്നതു പോലെ വിളികളും (പേരുകളും) (യോജിച്ചിരിക്കുന്നു)." സ്വഭാവങ്ങൾ യോജിച്ചിരിക്കുന്നതിനോടുകൂടെ സംജ്ഞകളും പേരുകളും യോജിച്ചിരിക്കുന്നു ഇവിടെ അവൻ പഠിപ്പിക്കുന്നു. രൂപങ്ങളുടെ മേൽ വച്ചിരിക്കുന്ന പേരുകളോടുകൂടെ കൽക്കദോന്യർ ചെയ്യുന്നതുപോലെ സ്വഭാവങ്ങൾ എണ്ണപ്പെടുകയില്ല.

ജനിച്ചവനും സൃഷ്ടിയല്ലാത്തവനും. ഇവിടെ അവർ ഓർമ്മിപ്പിക്കുന്നത് പുത്രൻ പിതാവിന്റെ സത്ത തന്നെ ആണെന്നാണ്. യെഹൂദരുടെ സെബല്യസുമായുള്ള കൂട്ടിക്കുഴച്ചലിൽ നിന്ന് അവർ രക്ഷപ്പെടുകയാണ്. യെഹൂദന്മാരേയും മുസ്ലീങ്ങളേയും പോലെ (ദൈവത്തിന്) ഒരു ആളത്തമേ ഉള്ളൂ എന്ന് അവൻ (സെബല്യസ്) വാദിക്കുന്നു. എങ്ങനെയാണ് ജനിച്ചവനും ജനിപ്പിച്ചവനും ഒരേ ആളത്തം ഉണ്ടാകുന്നത്? എന്നാൽ ജനകനിൽ നിന്ന് ജനിച്ച ജനിച്ചവനെ തിരിച്ചറിയാം. സൃഷ്ടി അല്ലാത്തത് എന്നതുകൊണ്ട് അവർ പുത്രൻ സൃഷ്ടിയും സൃഷ്ടിക്കപ്പെട്ടവനും ആണെന്ന് പറഞ്ഞ അറിയൂസിനെ മിണ്ടാതാക്കുകയായിരുന്നു. ജനിച്ചത് സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവം എന്ന് അവർ പഠിപ്പിച്ചു. പ്രകാശത്തിൽ നിന്ന് കിരണം പോലെ ഭാവഭേദമില്ലാത്തവനും വിഭജിക്കുവാൻ പാടില്ലാത്തവനും ആകുന്നു.

താൻ മുഖാന്തിരം സകലവും ഉണ്ടായി. അവർ വീണ്ടും പഠിപ്പിക്കുന്നു സൃഷ്ടികൾ അവൻ മുഖാന്തിരം ഉണ്ടാക്കപ്പെട്ടു. കാരണം അവൻ ദൈവത്തിന്റെ ശക്തിയും വൈഭവും ആകുന്നു. എന്നാൽ അവർ അവന്റെ സ്വഭാവത്തേയോ ആളത്തത്തേയോ പേരിനേയോ ഇരട്ടയെന്നോ ഒറ്റയെന്നോ വിഭജിക്കുന്നില്ല.

മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും ഇറങ്ങി

അവർ എങ്ങനെ പഠിപ്പിച്ചു എന്ന് നോക്കി മനസ്സിലാക്കുക. അവൻ പ്രകാശവും ദൈവത്തിൽ നിന്നുള്ള ദൈവവും ആയിരിക്കെ പാപം മൂലം ഇരുണ്ടും നശിച്ചും പോയ രാജകീയ രൂപത്തെ അവൻ കണ്ടു. അവൻ തന്റെ പിതാവിന്റെ മാർവ്വിൽ നിന്ന് മാറാതെ സ്വർഗ്ഗം ചായിച്ച് ഇറങ്ങിവന്നു

പരിശുദ്ധ റൂഹായിൽ നിന്നും മറിയാമിൽ നിന്നും ശരീരമെടുത്തു

കന്യകയിൽ നിന്ന് ജഡം എടുത്തു. അതായത് ജഡവും വചനമായ ദൈവവും യോജിച്ച് വ്യത്യാസം കൂടാതെയും മായ അല്ലാതെയും മനുഷ്യനായി ത്തീർന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി ജഡത്തിൽ മരണം സഹിച്ചു. ശരീരമെടുത്തു എന്നതുകൊണ്ട് അവൻ നമ്മിൽ നിന്ന് ശരീരം സ്വീകരിച്ചു (എന്നാണ് അർത്ഥമാക്കുന്നത്). (ക്രിസ്തുവിന്റെ മനുഷ്യത്വം) തോന്നലും നിഴലും മാത്രമാണെന്ന് പഠിപ്പിച്ച തോന്നൽ വാദത്തെ (ഡോസെറ്റിസം) അവർ തടഞ്ഞു. അതുപോലെ അവൻ സ്വർഗ്ഗത്തിൽ നിന്ന് അവന്റെ ശരീരം ഇറക്കിക്കൊണ്ടു വന്നു എന്നു തെറ്റായി പറയുന്ന വാലന്റീനിയന്മാരേയും എതിർക്കുന്നു.

ജഡം എടുത്തു എന്നതിലൂടെ ഒരു കുഴലിലൂടെന്നതു പോലെ കന്യകയിലൂടെ വചനം കടന്നുപോയി എന്ന് യൂത്തിക്കോസ് പറയുന്നതുപോലെ അവൻ അവളിൽ നിന്ന് ജഡം എടുത്തില്ല എന്ന് പറയുന്നവരെ തടയുകയായിരുന്നു. **മനുഷ്യനായിത്തീർന്നു** എന്ന് അവർ എഴുതിയത് പുത്രൻ ആത്മാവ് എടുത്തില്ല ജഡം മാത്രമേ എടുത്തുള്ളൂ എന്ന് പറയുന്ന അപ്പൊല്ലനേറിയസിനെ എതിർക്കുവാനായിരുന്നു.

പരിശുദ്ധാത്മാവിൽ നിന്ന് ശരീരം എടുത്തു എന്ന് പറയുന്നതിലൂടെ, പരിശുദ്ധാത്മാവ് ഉദരത്തിൽ അവന്റെ ശരീരം മെനഞ്ഞുവെന്നും ഉടൻ തന്നെ അവൻ അതിനെ വചനവുമായി യോജിപ്പിച്ചു എന്നും കാണിക്കുവാനാണ്. പുത്രന്റെ ജഡധാരണത്തിന് പിതാവ് തിരുമനസ്സായി. റൂഹായും വചനവും കൂടെ ശരീരം മെനഞ്ഞു. ജഡം എടുത്ത ഉടൻ തന്നെ വചനമായ ദൈവത്തിന്റെ ആത്മാവുള്ള ജഡമായിത്തീർന്നു.

ഇവിടെ വീണ്ടും നാം പറയുന്നു ലത്തീൻ ഗ്രീക്ക് ഭാഷകളിലുള്ള മൂലഗ്രന്ഥങ്ങളിൽ ജഡമെടുത്തു മനുഷ്യനായിത്തീർന്നു എന്നാണ് എഴുതിയിരിക്കുന്നത്. കാരണം ആ നാളുകളിൽ നമ്മുടെ കർത്താവ് ജഡം മാത്രം എടുത്തു എന്ന് പാഷണ്ഡത പറയുന്നവരും അല്ലെങ്കിൽ സ്വർഗ്ഗത്തിൽ നിന്ന് അവൻ ശരീരത്തിൽ ഇറങ്ങി എന്ന് പറയുന്നവരും അല്ലെങ്കിൽ മാണി, യൂത്തിക്കോസ് തുടങ്ങി തോന്നൽവാദത്തിൽ വിശ്വസിക്കുന്നവർക്കും എതിരായി അവൻ ജഡമെടുത്തു, ശരീരമെടുത്തു, മനുഷ്യനായിത്തീർന്നു എന്ന് സന്ദേഹങ്ങൾ ഒന്നും കൂടാതെ നാം പറയുന്നു.

വീണ്ടും അവൻ ശരീരം എടുത്തു എന്നതിനു പകരം അവൻ ജഡം എടുത്തു എന്ന് നാം പറയുന്നതിനു കാരണം ജൂലിയന്റെ ഡോസെറ്റിസത്തിന്റെ ദുഷിച്ച പഠിപ്പിക്കലിന്റെ അവശിഷ്ടം അപ്പോഴും അർമ്മീനിയാക്കാരിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. പാപമൊഴികെ നമ്മേപ്പോലെയുള്ള ഒരു ശരീരം ക്രിസ്തു എടുത്തു എന്ന് അവൻ പറഞ്ഞില്ല മറ്റൊരു ശരീരമാണ് (അവൻ എടുത്തത് എന്ന് പറഞ്ഞത്). ഇത് മുഴുവൻ നാം കൽക്കദോന്യർക്കെതിരായ തർക്കത്തിൽ വിവരിച്ചു.

മനുഷ്യനായിത്തീർന്നു

നെസ്തോറിയോസ് പറഞ്ഞതുപോലെ അവൻ ഒരു മനുഷ്യനെ സ്വീകരിച്ചതല്ല എന്നാലോ വ്യത്യാസം കൂടാതെ അവൻ മനുഷ്യനായിത്തീർന്നു. ആത്മാവില്ലാതെ ശരീരം മാത്രം അവൻ സ്വീകരിച്ചു എന്നു പറയുന്ന അപ്പൊല്ലനേറിയോസിനെ ചെറുക്കുവാൻ ഇത് അവർ പറഞ്ഞു. വചനം ദേഹിയോടു കൂടിയ ശരീരത്തിൽ നിന്ന് പിരിഞ്ഞു നിൽക്കുന്നു എന്നും സംയോജിപ്പിനു ശേഷവും അതിലുള്ള സ്വഭാവത്തെ എണ്ണുകയും (വിഭജിക്കുകയും) ചെയ്ത ഇരു സ്വഭാവവാദികളെ അവർ ഇതിനാൽ എതിർത്തു. അവർ അവനെ ദൈവമെന്ന് വിളിക്കുമ്പോൾ അവൻ ദൈവമാകുന്നു. അവൻ മനുഷ്യൻ ആയിത്തീർന്നതുകൊണ്ട് അവർ അവനെ (മനുഷ്യൻ എന്ന് വിളിക്കുമ്പോൾ) അവൻ മനുഷ്യൻ (മാത്രവും) ആകുന്നു (എന്ന് അവർ പഠിപ്പിച്ചു).

കഷ്ടത അനുഭവിച്ചു കുരിശിൽ തറയ്ക്കപ്പെട്ടു

നെസ്തോറിയർക്കും മൽക്കീത്തർക്കും എതിരെ അവർ എഴുന്നേറ്റു. പിതാക്കന്മാർ അവനെ ദൈവത്തിൽ നിന്നുള്ള ദൈവം, ഏകജാതൻ, പിതാവിൽ നിന്ന് ജനിച്ചു, അവൻ ഇറങ്ങി വന്നു എന്നിങ്ങനെ വിളിച്ചു. വീണ്ടും അവൻ ജഡത്തിൽ കുരിശിൽ തറയ്ക്കപ്പെട്ടു, അവന്റെ രൂപങ്ങളേയും സ്വഭാവത്തേയും മനുഷ്യാവതാര കർമ്മങ്ങളേയും അവന്റെ ഇഷ്ടങ്ങളേയും വേർപിരിക്കുവാൻ കഴിയില്ല എന്നും അവർ അവനെക്കുറിച്ച് പറഞ്ഞു.

പീലാത്തോസിന്റെ ദിവസങ്ങളിൽ

വിജാതീയ രാജാവിന്റെ ദിവസങ്ങളിൽ ക്രൂശീകരണം സംഭവിച്ചു എന്ന് എഴുതി അതുമൂലം എല്ലാ ജാതികളും ഈ കാര്യം വിശ്വസിക്കപ്പെടണം.

കബറടക്കപ്പെട്ടു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു

"ഇവ സംഭവിച്ചതിന്റെ മൂന്നാം നാൾ" എന്ന് ലൂക്കോസ് എഴുതിയതുപോലെ, അതായത്, വെള്ളി, ശനി, ഞായർ. അന്ന് ക്ലെയോപ്പാവും ലൂക്കോസും എമ്മാവൂസിലേക്ക് പോകുകയായിരുന്നു അവർ വഴിയിൽ വച്ച് ഇവ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മൂന്ന് ആളത്തങ്ങളിൽ ഒന്നാകുന്നു തന്റെ ജഡപ്രകാരമുള്ള മനുഷ്യാവതാരത്തിൽ ഇവ പൂർത്തീകരിച്ചത് എന്നാണ് "മൂന്ന് ദിവസങ്ങൾ" എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്.

സ്വർഗ്ഗത്തിലേക്ക് കയറി

ജഡത്തിലായിരിക്കുകയും ദൈവത്വത്തിൽ തന്റെ പിതാവിൽ നിന്ന് വിട്ടുമാറാതെ, അവൻ എല്ലായിടത്തും ഉണ്ടായിരുന്നു.



(പിതാവിന്റെ) വലത്തുഭാഗത്തിരിക്കുന്നു

വലത്തുഭാഗം അർത്ഥമാക്കുന്നത് ബഹുമാനമാണ്. അവന് വലതും ഇടതും ഭാഗങ്ങൾ ഉണ്ടാകുവാൻ പിതാവ് ശരീരിയല്ല. എന്നാലോ വലത്തുഭാഗം എന്ന് വിളിക്കുന്നതുകൊണ്ട് (അർത്ഥമാക്കുന്നത്) അവന്റെ പിതാവിനോട് ബഹുമാനത്തിലും സിംഹാസനത്തിലും പുകഴ്ചയിലും രാജ്യത്വത്തിലും തുല്യമാണെന്ന് കാണിക്കുവാനാണ്.

ജീവനുള്ളവരെ വിധിപ്പാൻ തന്റെ മഹത്വത്തിൽ വരുന്നവനും

അവന്റെ വരവിൽ ജീവനോടെ ശേഷിച്ചിരിക്കുന്നവരാണ് ജീവിച്ചിരിക്കുന്നവർ. മരിച്ചവർ മുമ്പുകൂട്ടി മരിച്ചുപോയവരും. വീണ്ടും, ജീവിച്ചിരിക്കുന്നവരെന്ന് വിളിക്കുന്നത് ജീവനോടിരുന്നപ്പോൾ തങ്ങളുടെ നല്ല പ്രവർത്തികളാൽ ജീവിച്ചിരുന്നവരാണ് മരിച്ചവരാകട്ടെ പാപത്തിൽ മരിച്ചവരും. വീണ്ടും, ജീവിച്ചിരിക്കുന്നവർ എന്ന് വിളിക്കുന്നത് മരിക്കാത്ത ആത്മാവിനെയാണ് മരിച്ചവരാകട്ടെ ശരീരത്തിൽ മരിച്ചവരും. അവർ രണ്ടും ഒരുപോലെ ന്യായം വിധിക്കപ്പെടും.

തന്റെ രാജ്യത്തിന്

അവൻ ഒരു സാധാരണ നശിച്ചുപോകുന്ന മനുഷ്യനും അല്ല, അവന്റെ രാജ്യം നശിച്ചുപോകുന്നതുമല്ല. എന്നാലോ അവൻ ജഡമെടുത്ത ദൈവമാകുന്നു. അതുകൊണ്ട് അവന്റെ രാജ്യം നിത്യമാകുന്നു. ഇവിടെ (ഈ ലോകത്തിൽ) അവൻ തന്നിൽ വിശ്വസിക്കുന്നവരുടെ മേലും തന്റെ കൽപ്പനകളെ പാലിക്കുകയും ചെയ്യുന്നവരുടെ മേലും മാത്രം വാഴുകയും ആ ലോകത്തിൽ നിലനിൽക്കുന്ന രാജ്യത്തിൽ അവിശ്വാസികളുടെ മേലും അവൻ വാഴും. അവർ അവനെ തങ്ങളുടെ കഷ്ടതകളിൽ അവന്റെ രാജ്യത്വത്തേയും കർതൃത്വത്തേയും ഏറ്റുപറയുമെങ്കിലും അവൻ അവർക്ക് അവകാശം നൽകുകയില്ല.

ഏക പരിശുദ്ധ റൂഹായിലും

അവർ പറഞ്ഞു ഏക പിതാവ്, ഏക പുത്രൻ, ഏക റൂഹാ. അവർ ഒന്ന്, രണ്ട്, മൂന്ന് എന്ന് എഴുതിയില്ല എന്നാലോ ഒന്ന്, ഒന്ന്, ഒന്ന് (എന്നാണ് എഴുതിയത്). പുത്രന് രണ്ട് സ്വഭാവങ്ങളുണ്ടെങ്കിൽ, അവൻ ജഡധാരണം ചെയ്തതിനാൽ, പിതാക്കന്മാർ പഠിപ്പിച്ചതുപോലെ, അവൻ ഒന്നല്ല (ഒരു സ്വഭാവമല്ല). എന്നാൽ ദുഷിച്ച വിഘടനക്കാരെ ശാസിക്കുവാൻ സമയമില്ല.

ഏക വിശുദ്ധ റൂഹായിലും

വിശ്വാസപ്രമാണത്തിൽ 318 പിതാക്കന്മാർ ഇതുവരെ പഠിപ്പിച്ചു. പിന്നീട് അവർ അറിയോസിന്റെ പിൻഗാമികളായ മറ്റുള്ളവർക്കെതിരെ എഴുതി. അതായത് അവൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു എന്നും അവൻ ജനിക്കുന്നതിന് മുമ്പ് അവൻ ഇല്ലായിരുന്നു ഇത്യാദി പറയുന്നവർക്ക് (എതിരായി എഴുതി). കുസ്തന്തീനോസ്പോലീസിൽ കൂടിയ 150 പിതാക്കന്മാർ മക്കദോനിയോസ് പരിശുദ്ധാത്മാവിനെതിരെ ദോഷം ആരോപിക്കുകയും അവനെ ഒരു സൃഷ്ടിയാക്കുകയും ചെയ്തു എന്ന് കണ്ടപ്പോൾ രാജകീയ പട്ടണത്തിലെ സിംഹാസനത്തിൽ നിന്ന് അവനെ പുറത്താക്കുകയും വിശ്വാസപ്രമാണത്തിന്റെ ഒടുവിൽ തുടർന്നുള്ള ഭാഗം കൂട്ടിച്ചേർത്തു.

അവൻ കർത്താവാകുന്നു

മക്കദോനിയോസ് പരിഹസിക്കുന്നതുപോലെ പരിശുദ്ധാത്മാവ് കേവലം സൃഷ്ടിയല്ല പിന്നെയോ അവൻ കർത്താവും സ്രഷ്ടാവും എല്ലാറ്റിനും ജീവൻ നൽകുന്നവനും ആകുന്നു.

പിതാവിൽ നിന്ന് പുറപ്പെടുന്നവൻ

അഗ്നിയിൽ നിന്ന് ചൂട് നിർഗ്ഗമിക്കുന്നതു പോലെയും തണ്ടിൽ നിന്ന് ശാഖകൾ പോലെയും, സൂര്യനിൽ നിന്ന് ചൂടുപോലെയും ആത്മാവ് പിതാവിൽ നിന്ന് പുറപ്പെടുന്നു.

പുത്രനോടു കൂടെ വന്ദിക്കപ്പെടുന്നവൻ

പുത്രൻ പിതാവിൽ നിന്ന് ജനിച്ചവനാകയാൽ ആത്മാവ് അവനോടുകൂടെ സാരാംശത്തിൽ സമനാകുന്നു, അവനേപ്പോലെതന്നെ സൃഷ്ടികളാൽ അവൻ വന്ദിക്കപ്പെടുന്നു.

പ്രവാചകന്മാരിൽ കൂടി സംസാരിച്ചവൻ

കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട് (ലൂക്കോ. 4:18) കർത്താവിന്റെ ആത്മാവ് എന്നെ നയിച്ചു (യെശ. 37:1) കർത്താവിന്റെ ആത്മാവ് ഭൂമിയിലെങ്ങും നിറയ്ക്കപ്പെട്ടു (വിജ്ഞാ. 1:7), കർത്താവും അവന്റെ ആത്മാവും എന്നെ അയച്ചു (യെശ. 48:16), നിന്റെ ആത്മാവിനെ നീ അയച്ചു അവ സൃഷ്ടിക്കപ്പെട്ടു (സങ്കീ. 104:30), മഹത്വമുള്ള നിന്റെ ആത്മാവ് നിന്റെ ജീവന്റെ വഴിയിലൂടെ എന്നെ നയിച്ചു (സങ്കീ. 143:10) എന്ന് പറഞ്ഞതുപോലെ.

ശ്ലീഹന്മാരിലൂടെ

എന്റെ ആത്മാവിനെ എല്ലാ ജഡങ്ങളുടെ മേലും പകരും നിങ്ങളുടെ പുത്രന്മാർ പ്രവചിക്കും എന്ന് യോവേൽ (പ്രവാചകൻ) പറഞ്ഞതുപോലെ അഗ്നിനാവുകളുടെ രൂപത്തിൽ മാളിക മുറിയിൽ വച്ച് അവരുടെ മേൽ ആവസിച്ചപ്പോൾ ശ്ലീഹന്മാരിലൂടെ അവൻ സംസാരിച്ചു.

ഏകസഭയിലും

ശ്ലീഹന്മാരെയാണ് കാതോലിക അതായത് സാർവ്വത്രിക സഭ എന്ന് വിളിക്കുന്നത്. സഭ അതായത് പൊതുവായ അല്ലെങ്കിൽ സാർവ്വത്രികമായിട്ടുള്ളത്

ഒരു മാമോദീസായേ ഉള്ളൂ എന്ന് അവർ ഞങ്ങളെ പഠിപ്പിക്കുന്നു. കാരണം ഒരിക്കൽ മാത്രമേ ക്രിസ്തു മാമോദീസാ സ്വീകരിക്കുകയും ക്രൂശീകരിക്കപ്പെടുകയും ചെയ്തുള്ളൂ. അതുപോലെ മാമോദാസാ ഒന്ന് എന്ന് പൗലോസ് എഴുതി (എഫേ. 4: 5). അതുകൊണ്ട് പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വീണ്ടും മാമോദീസാ മുക്കുന്നവർ പൗലോസിന് എതിരാളികളാണ്. അവർ മശിഹായെ വീണ്ടും ക്രൂശിക്കുന്നവരും യെഹൂദന്മാരുടെ സ്നേഹിതരുമാകുന്നു.

അവരാകുന്നു. അവരെ ഏക സഭ എന്ന് വിളിക്കുന്നു കാരണം അവരുടെ മനസ്സ് ഒന്നായിരുന്നു, അവരുടെ ദൈവഭയത്തിന്റെ യോജിപ്പും ഒന്നായിരുന്നു. അവർക്ക് ഒരാത്മാവായിരുന്നതുപോലെ അവരുടെ ചിന്തകളും ഒന്നായിരുന്നു (അ. പ്രവ. 4:32). അതുകൊണ്ടാണ് അവർ ശ്ലൈഹികം എന്ന് വിളിച്ചത്. ''രാജകുമാരി മഹത്വത്തിൽ നിൽക്കുന്നു അവളുടെ സഖികളായ കന്യകമാർ അവളെ ആനയിക്കും'' (സങ്കീ 45: 14-15) ദാവീദ് അവരെ ശ്ലീഹന്മാരെന്ന് വിളിക്കുന്നു. എല്ലാ ഭാഗങ്ങളിലുമുള്ള ശ്ലൈഹികമായ സഭകളെ ഇത് സൂചിപ്പിക്കുന്നു.

ഏക (മാമോദീസായിലും) ഞങ്ങൾ വിശ്വസിക്കുന്നു

ഒരു മാമോദീസായേ ഉള്ളൂ എന്ന് അവർ ഞങ്ങളെ പഠിപ്പിക്കുന്നു. കാരണം ഒരിക്കൽ മാത്രമേ ക്രിസ്തു മാമോദീസാ സ്വീകരിക്കുകയും ക്രൂശീകരിക്കപ്പെടുകയും ചെയ്തുള്ളൂ. അതുപോലെ മാമോദാസാ ഒന്ന് എന്ന് പൗലോസ് എഴുതി (എഫേ. 4: 5). അതുകൊണ്ട് പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വീണ്ടും മാമോദീസാ മുക്കുന്നവർ പൗലോസിന് എതിരാളികളാണ്. അവർ മശിഹായെ വീണ്ടും ക്രൂശിക്കുന്നവരും യെഹൂദന്മാരുടെ സ്നേഹിതരുമാകുന്നു.

ഉയിർപ്പിനായി നോക്കിപ്പാർക്കുന്നു

ഇത് സാദൂക്യർ, ഒറിഗനെ പിൻതുടരുന്നവർ മുതലായ ശരീരത്തിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത വേദവിപരീതികൾക്കെതിരായി എഴുതിയതാണ്. എന്നാൽ നമ്മുടെ കർത്താവ് ശരീരത്തോടെ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ തന്നെ ഞങ്ങളുടെ ശരീരവും പുനരുത്ഥാനം ചെയ്യുകയും നിത്യമായ മഹത്വം ധരിക്കുകയും ചെയ്യും.

(തുടരും)



ഡീക്കൻ ബിനോജി മാത്യു നിര്യാതനായി

പത്തനംതിട്ട: ഡീക്കൻ ബിനോജി മാത്യൂസ് നിര്യാതനായി. റാന്നി മന്നാകുഴിയിൽ ഫാ. മാത്യൂസിന്റെ മകനാണ്. പത്തനാപുരം മൗണ്ട് താബോർ സ്കൂളിലെ അദ്ധ്യാപകനായി പ്രവർത്തിച്ചുവരികയായിരുന്നു. സംസ്ക്കാരം റാന്നി ചെത്തോങ്കര ശാലോം പള്ളിയിൽ നടത്തി.

റാന്നിയുടെ സൗമ്യ സാന്നിധ്യം

റാന്നി: മൈലപ്രയിൽ വച്ചുണ്ടായ അപകടത്തിൽ മരിച്ച ഡീക്കൻ ബിനോജി മാത്യൂസ് റാന്നിയിലെ സൗമ്യ സാന്നിധ്യമായിരുന്നു. വൈദിക ശുശ്രൂഷയിലേക്കു പ്രവേശിച്ചെങ്കിലും റാന്നിയുടെ സാമൂഹിക സാംസ്കാരിക മേഖലകളിലെല്ലാം അദ്ദേഹം നിറഞ്ഞുനിന്നു.

പത്തനാപുരം മൗണ്ട് താബോർ ഹയർ സെക്കൻഡറി സ്കൂളിൽ ദീർഘകാലമായി സുറിയാനി അധ്യാപകനായിരുന്ന അദ്ദേഹത്തിനു ജാതി-മത ചിന്തകൾക്കപ്പുറം ഊഷ്മളമായ വ്യക്തിബന്ധങ്ങളാണുണ്ടായിരുന്നത്.

പത്തനാപുരത്തു നിന്ന് അധ്യാപനം കഴിഞ്ഞു മടങ്ങിവരുന്നതിനിടെ എല്ലാ ദിവസവും റാന്നിയിൽ അദ്ദേഹം അല്പനേരം തങ്ങും. പരിചയക്കാരെയും സുഹൃത്തുക്കളെയും കണ്ട് വിശേഷങ്ങൾ പങ്കുവയ്ക്കും. ഇതിലൂടെ ശെമ്മാശൻ നേടിയ സൗഹൃദവലയം വിപുലമായിരുന്നു.

അപകട വിവരം അറിഞ്ഞതോടെ റാന്നിയിലെ പ്രിയ സുഹൃത്തുക്കൾ പത്തനംതിട്ടയിലും പിന്നീട് പരുമല ആശുപത്രിയിലും എത്തി.

വർഷങ്ങളോളം ബസിൽ യാത്ര ചെയ്താണ് അദ്ദേഹം ജോലിക്കു പോയി മടങ്ങിയിരുന്നത്. ബസ് യാത്രയ്ക്കിടയിൽ നേടിയ സൗഹൃദങ്ങളും വിപുലമാണ്. സമീപകാലത്താണ് പത്തനാപുരത്തേക്കുള്ള യാത്ര കുമ്പഴ വരെ സ്കൂട്ടറിലാക്കിയത്. ഇത്തരത്തിൽ സ്കൂളിലേക്കു പോയി ഉച്ചയോടെ മടങ്ങുമ്പോഴാണ് അപകടമുണ്ടായത്.

സഭാകാര്യങ്ങളിലും തിരുവചന ചിന്തകളിലും അതീവ ജ്ഞാനമുണ്ടായിരുന്ന ഡീക്കൻ ബിനോജി വചനപ്രഘോഷകൻ കൂടിയായിരുന്നു. എക്യുമെനിക്കൽ ബന്ധം കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം ഇതര സഭകളുടെ ദേവാലയങ്ങളിലും കൺവൻഷനുകളിലുമൊക്കെ പ്രസംഗിക്കാനെത്തിയിട്ടുണ്ട്.

കണ്ണംപള്ളി സെന്റ് മേരീസ് കത്തോലിക്കാ പള്ളിയുടെ തിരുനാൾ പ്രദക്ഷിണത്തോടനുബന്ധിച്ച് കണ്ണംപള്ളി ജംഗ്ഷനിലെ പന്തലിൽ വർഷങ്ങൾക്കു മുമ്പ് അദ്ദേഹം ഹൃദ്യമായ പ്രഭാഷണം നടത്തിയത് ഇടവകാംഗങ്ങൾ ഇന്നും ഓർക്കുന്നു.

റാന്നിയുടെ വികസന രാഷ്ട്രീയം സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്ന ബിനോജി മാത്യു 2018-ലെ പ്രളയകാലത്ത് സഹായവുമായി ഓടിനടന്നവരിൽ ഒരാളാണ്. ഒറ്റപ്പെട്ടുപോയ നിരവധിയാളുകൾക്കാണ് അദ്ദേഹം ഭക്ഷണവും മരുന്നും ഒക്കെ എത്തിച്ചത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

വേദശാസ്ത്രജ്ഞനായ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് – 2

ഫാ. ഡോ. വി. സി. ശമുവേൽ

4. മാർ ദീവന്നാസ്യോസിന്റെ വിശ്വാസ ശാസ്ത്രം

മതോപദേശ സാരങ്ങൾ, ദൈവശാസ്ത്രം പരാമർശിച്ചതിനുശേഷം വി. കൂദാശകളെ പ്രതിപാദന വിഷയമാക്കുന്നു. “മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ആവശ്യപ്പെട്ടവയായി നമ്മുടെ കർത്താവ് കല്പിച്ച് നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷങ്ങളായ നന്മകളുടെ പ്രത്യക്ഷങ്ങളായ വിശുദ്ധ കർമ്മങ്ങളാണ്” കൂദാശകൾ. അഥവാ യേശുക്രിസ്തു നിർവ്വഹിച്ച രക്ഷണ്യവ്യാപാരം മൂലം ലഭ്യമാകേണ്ട കൃപാദാനം നാം പ്രാപിക്കുവാൻ വേണ്ടി സ്ഥാപിതമായ വിശുദ്ധ കർമ്മങ്ങളാണവ. പാശ്ചാത്യ സഭാപാരമ്പര്യങ്ങളിൽ കൂദാശകൾക്ക് നല്കിവന്നിരുന്ന നിർവചനമാണിത്. എന്നാൽ ഇതുകൊണ്ടു മാത്രം ഗ്രന്ഥകർത്താവ് തൃപ്തിയടയുന്നില്ല. കൂദാശകളെ “രഹസ്യങ്ങൾ” എന്നു പൗരസ്ത്യ പാരമ്പര്യം വിവക്ഷിക്കുന്ന വസ്തുതയും അദ്ദേഹം സൂചിപ്പിക്കുന്നു. ഈ പദംകൊണ്ടുദ്ദേശിക്കുന്ന ആശയം എന്തെന്ന് അദ്ദേഹം എടുത്തു പറയുന്നില്ല. കൂദാശകൾക്ക് ഒരു സാമാന്യ വിവരണം നല്കി സഭാജീവിതത്തിൽ മനുഷ്യരെ ഉദ്ബുദ്ധരാക്കുകയാണ് അദ്ദേഹത്തിന്റെ പരമമായ ഉദ്ദേശ്യം. കൂദാശകൾ ഏഴെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അവയിലോരോന്നിനേയും പറ്റി സംക്ഷിപ്ത വിവരണം ഗ്രന്ഥത്തിലുൾക്കൊള്ളിക്കുകയും ചെയ്യുന്നു.

കൂദാശകളുടെ സംഖ്യ ഏഴെന്നുള്ള പാരമ്പര്യം മദ്ധ്യശതകങ്ങളിലെ യൂറോപ്പിൽ നിലവിൽ വന്നതാണ്. ക്രിസ്താബ്ദം 1164–ൽ നിര്യാതനായ ബിഷപ്പ് പീറ്റർ ലൊംബാർഡ് അത് ആദ്യമായി പ്രസ്താവിക്കുകയും, 1439–ൽ നടന്ന ഫ്ളോറൻസിലെ കൗൺസിൽ അത് ശരി വച്ചു പാശ്ചാത്യ സഭയെ സംബന്ധിച്ചിടത്തോളം ഔദ്യോഗികമാക്കുകയും ചെയ്തു. അതിനെ ക്രമേണ പൗരസ്ത്യ സഭകളും അംഗീകരിച്ചു. ഈ പാരമ്പര്യമാണ് മതസംഗതി എടുത്തു പറയുന്നത്. മാമോദീസാ, കുർബാന, കുമ്പസാരം, മൂറോൻ, പട്ടത്വം, വിവാഹം, രോഗികളുടെ തൈലാഭിഷേകം ഇവയാണ് ഏഴു കൂദാശകൾ. ഇവയിൽ പട്ടത്വം, വിവാഹം എന്നിവ രണ്ടും എല്ലാവർക്കും നിർബന്ധിതമല്ലെങ്കിലും, മറ്റുള്ള അഞ്ചും വിശ്വാസികളെല്ലാം പ്രാപിക്കുവാൻ കടപ്പെട്ടവയാണ്. ഓരോ കൂദാശയും സ്വീകരിക്കുന്നവർ അതാതിനുവേണ്ട യോഗ്യതയോടു കൂടെ വേണം അത് കൈക്കൊള്ളുവാൻ. അങ്ങനെ ചെയ്യുന്നതു മൂലം അനുഭവിക്കുന്നവർക്ക് കൃപ ലഭിക്കുകയും, അവരിലുള്ള കൃപ വർദ്ധിക്കുകയും ചെയ്യുന്നതാണ്.

കൂദാശകളെക്കുറിച്ച് പൊതുവിൽ ഇത്രയും കാര്യങ്ങൾ പ്രസ്താവിച്ച ശേഷം അവയിൽ ഓരോന്നിനേയുംപറ്റി ഗ്രന്ഥകർത്താവ് പ്രത്യേകം പ്രത്യേകം പരാമർശിക്കുന്നു. അങ്ങനെ 6 മുതൽ 12 വരെയുള്ള ഖണ്ഡികകളിൽ ഓരോന്നിലും ഓരോ കൂദാശകൾ വീതം പ്രതിപാദന വിഷയമാക്കുന്നു. മാമോദീസായിൽ നടക്കുന്ന കർമ്മങ്ങളെ 6–ാം ഖണ്ഡിക വിശദമാക്കുന്നു. ഈ വാക്കിന് സ്നാനം എന്നാണർത്ഥം. അതിന് ‘പ്രകാശം’ എന്നും ‘വീണ്ടും ജനനം’ എന്നും പേരുകളുണ്ട്. മാമോദീസാ മൂലം ‘കർമ്മപാപം’ മാത്രമല്ല ‘ജന്മപാപ’വും മോചിക്കപ്പെടുന്നു. ഇവിടെ ‘ജന്മപാപം’ എന്തെന്ന് പ്രത്യേകമെടുത്ത് പറയുന്നില്ല. കുഞ്ഞുങ്ങളെ മാമോദീസാമുക്കേണ്ട ആവശ്യകത, മാമോദീസായിൽ തലതൊടുന്നയാളിന്റെ സ്ഥാനം, മാമോദീസാ ഒന്നു മാത്രമെന്ന് പറയുന്നതിന്റെ അർത്ഥം, വിശ്വാസ വിപരീതികളിൽ നിന്നും മാമോദീസാ ഏറ്റവരെ സഭയിൽ സ്വീകരിക്കേണ്ട വിധം ഈ വിഷയങ്ങളെല്ലാം ഗ്രന്ഥകർത്താവ് ചൂണ്ടിക്കാണിക്കുന്നു.



മാമോദീസാ വഴി നാം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. അഥവാ നാം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിന്റെ പ്രതീകമാണ് മാമോദീസാ. ഓരോ കൂദാശയെയും ഗ്രന്ഥകർത്താവ് ഈവിധത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. “ഭക്തിയോടും വിശ്വാസത്തോടുംകൂടെ മാമോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാണ്” എന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. “എന്തുകൊണ്ടെന്നാൽ പുത്രസ്വീകാരവും ദൈവസ്നേഹവും ലഭിക്കുന്നത് വിശ്വാസം വഴിയത്രെ.” “വിശ്വാസം” എന്തെന്ന് പ്രത്യേകം എടുത്തു പറയുന്നില്ല. പരിശുദ്ധാത്മ വ്യാപാരത്താൽ നാം രൂപാന്തരം പ്രാപിക്കുന്ന അനുഭവം സ്വായത്തമാക്കുവാനുള്ള അവസരങ്ങളാണ് കൂദാശകളെന്ന് മനസ്സിലാക്കാം. തന്മൂലം അവയെ കേവലം ബാഹ്യകർമ്മങ്ങളായിട്ടല്ല, ദൈവിക സ്വഭാവത്തിൽ ജീവിതത്തിന്റെ ഓരോ ദശകളിലും വളരുവാൻ നമ്മെ സഹായിക്കുന്ന വിശുദ്ധ കർമ്മങ്ങളായി വേണം കൈക്കൊള്ളുവാൻ.

വി. കുർബാനയെപ്പറ്റി മതസംഗതി ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ നമ്മുടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നവയാണ്. ആത്മാക്കളുടെ രക്ഷയ്ക്കും വളർച്ചയ്ക്കും വേണ്ടി ഭക്ഷണവും പാനീയവും മുഖാന്തിരം യേശുക്രിസ്തു അവന്റെ ശരീരരക്തങ്ങളിൽ നമ്മെ സംബന്ധിപ്പിക്കുന്ന കൂദാശയാണ് കുർബാന. കുർബാനയിൽ നാം അപ്പവീഞ്ഞുകളെ അനു

ഭവിക്കുന്നു. അവയ്ക്ക് സ്വഭാവേന വ്യത്യാസമൊന്നുമുണ്ടാകുന്നില്ല. എന്നാൽ വചനമായ ദൈവം മനുഷ്യസ്വഭാവത്തെ തന്നോട് സംയോജിപ്പിച്ചതു മൂലം ആ മനുഷ്യത്വത്തെയും യേശുക്രിസ്തുവിൽ ദൈവമെന്ന് നാം വിവക്ഷിക്കുന്നു. അതുപോലെ വി. കുർബാനയിലെ അപ്പവീഞ്ഞുകളിൽ പരിശുദ്ധാത്മാവ് ആവസിക്കുകയും 'ഇത് എന്റെ ശരീരമാകുന്നു എന്നും ഇത് എന്റെ രക്തമാകുന്നു' എന്നും നമ്മുടെ കർത്താവു തന്നെ കല്പിച്ചതിലടങ്ങുന്ന സത്യം അവ വഴി യഥാർത്ഥീകരിക്കുകയും ചെയ്യുന്നു. അപ്പവീഞ്ഞുകൾ കൃപയാലുള്ള ശരീരരക്തങ്ങളാണെന്ന് നാം വിശ്വസിക്കുന്നു. അവ യാതൊരുവിധ വസ്തുഭേദ പ്രക്രിയമൂലം ശരീരരക്തങ്ങളായി തീരുന്നു എന്നല്ല നാം ഉദ്ഘോഷിക്കുന്നത്. അന്ത്യോഖ്യൻ സുറിയാനി സഭാ പിതാവായിരുന്നു ക്രിസ്താബ്ദം 913-ൽ നിര്യാതനായ സേവേറിയോസ് മൂശെ ബർ സ്കീപ്പാ രചിച്ച കൂദാശാ വ്യാഖ്യാന ഗ്രന്ഥത്തിൽ കാണുന്ന ആശയത്തെ, റോമൻ കത്തോലിക്കാ സഭയുടെ വസ്തുഭേദ സിദ്ധാന്തം മനസ്സിൽ വച്ചു കൊണ്ട് ഗ്രന്ഥകർത്താവ് എടുത്തു കാണിക്കുകയാണ്. വി. കുർബാന അനുഭവിക്കുന്നതു മൂലം യേശുക്രിസ്തുവിൽ നിന്നും പ്രാപിക്കേണ്ട പാപമോചനവും നിത്യജീവനും നമുക്ക് വിശ്വാസം വഴി ലഭ്യമാകുന്നു എന്ന് മതസംഗതി ഊന്നിപ്പറയുന്നു.

വി. കുർബാനയുൾക്കൊള്ളുന്ന ആത്മീയമായ അർത്ഥം ഈ വിധത്തിൽ സമഗ്രമായി വ്യക്തമാക്കിയശേഷം, ശുശ്രൂഷയിൽ നടക്കുന്ന കർമ്മങ്ങൾ, അവ നിർവ്വഹിക്കുന്നതിനായി ഉപയോഗിക്കുന്ന സാധനങ്ങൾ, കുർബാന കൊടുക്കേണ്ടതും അനുഭവിക്കേണ്ടതും എങ്ങനെ വേണമെന്നുള്ള വസ്തുത ആദിയായ കാര്യങ്ങൾ വിശദമാക്കുന്നു. ഇത് ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്ന വൈദികനും അതിൽ പങ്കുകൊള്ളുന്ന വിശ്വാസികൾക്കും വളരെ പ്രയോജനകരമാണ്.

വി. കുർബാനയേയും മറ്റു കൂദാശകളെയുംപറ്റി മതസംഗതി അവലംബിക്കുന്ന നിലപാടുകളെല്ലാം ഇവിടെ പ്രതിപാദിക്കുക സാദ്ധ്യമല്ല. അതിന്റെ ആവശ്യവുമില്ലല്ലോ. എന്നാൽ ഗ്രന്ഥകർത്താവ് പരാമർശിക്കുന്ന നാലു കാര്യങ്ങളെപ്പറ്റി ഏതാനും വിവരങ്ങൾ ഇവിടെ ചുരുക്കമായി സൂചിപ്പിക്കാം. അവ പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള അപേക്ഷ, പരേതർക്കു വേണ്ടിയുള്ള പ്രാർത്ഥന, നോമ്പ് ഇവയാണ്. മതസംഗതി 14, 15, 19, 20 ഈ ഖണ്ഡികകളിൽ ഗ്രന്ഥകർത്താവ് അവ പ്രതിപാദിക്കുന്നു.

പ്രാർത്ഥനയിൽ മൂന്ന് കാര്യങ്ങൾ അടങ്ങുന്നു. ഒന്ന്, ദൈവത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന നന്മകളെ ഓർത്ത് കൃതജ്ഞതാപൂർവ്വം അവന് സ്തോത്രം അണയ്ക്കുക. രണ്ട്, നമ്മുടെ ആത്മശരീരങ്ങൾക്കാവശ്യമായ കാര്യങ്ങളെ ദൈവത്തോട് ചോദിച്ചു വാങ്ങുക. മൂന്ന്, ദൈവവുമായി സംസർഗ്ഗം നടത്തുക. പ്രാർത്ഥന തന്നെ സമൂഹമായി കഴിക്കുന്ന പരസ്യാരാധനയും, ഓരോരുത്തരായി നാം നടത്തുന്ന തനതു പ്രാർത്ഥനയും ഉൾക്കൊള്ളുന്നു. ഇവയിൽ ആദ്യത്തേതിനെ 'പരസ്യപ്രാർത്ഥന' എന്നും, രണ്ടാമത്തേതിനെ 'രഹസ്യപ്രാർത്ഥന' എന്നുമാണ് ഗ്രന്ഥകർത്താവ് വിവക്ഷിക്കുന്നത്. ഒന്നാമത്തേതിനെ അധികരിച്ച്, സഭയിൽ നിലവിലുള്ള ആരാധന, പ്രാർത്ഥനയിൽ നാം നടത്തുന്ന കുമ്പിടീൽ, കുരിശുവരയ്ക്കൽ, ആദിയായ കർമ്മങ്ങളെയും അവയുടെ അർത്ഥത്തെയും മതസംഗതി വിവരിക്കുന്നു.

മാർ ദീവന്നാസ്യോസും പ്രാർത്ഥനയും ചിന്താവിഷയമാക്കുമ്പോൾ രണ്ട് കാര്യങ്ങൾ അനുസ്മരിക്കാവുന്നതുണ്ട്. ഒന്ന്, സുറിയാനി മൂലത്തിൽ നിന്നും പ്രാർത്ഥന തർജ്ജിമ ചെയ്യുമ്പോൾ വേദശാസ്ത്രപരമായ ആശയം നഷ്ടപ്പെടാതെ അദ്ദേഹം സൂക്ഷിക്കുമായിരുന്നു. ഇത് ഒരുദാഹരണം വഴി വിശദമാക്കാം. സന്ധ്യാപ്രാർത്ഥനയുടെ സൂത്താറാ ഭാഗത്ത് 91-ഉം 120-ഉം സങ്കീർത്തനങ്ങൾ ഒരുമിച്ചു ചേർത്തു നാം ചൊല്ലുന്നുണ്ടല്ലോ. അതിനെ തുടർന്ന് നാം കഴിക്കുന്ന പ്രാർത്ഥന നോക്കുക. ഇന്ന് നാമുപയോഗിക്കുന്ന രൂപത്തിലത് "മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളോട് കരുണ ചെയ്യണമേ" എന്നാണ്. അത്യുന്നതനായ ദൈവത്തിന്റെ മറവിൽ കഴിയുന്ന കർത്താവിനോട് കഴിക്കുന്ന പ്രാർത്ഥനയാണിതെന്നു മാത്രമേ ഇതിനെപ്പറ്റി ചിന്തിക്കുന്നവർക്കു തോന്നുകയുള്ളു. ഈ ആശയം സഭയുടെ വിശ്വാസ വെളിച്ചത്തിൽ ശരിയായിരിക്കുവാനിടയില്ല. സുറിയാനി മൂലം ഈ വിവർത്തനത്തെ സാധൂകരിക്കുന്നതാണോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. അതിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് മാർ ദീവന്നാസ്യോസ് മേല്പട്ടസ്ഥാനത്തവരോധിതനാകുന്നതിന് മുമ്പായി അദ്ദേഹവും കോനാട്ട് മാത്തൻ മല്പാനും കൂടി ചേർന്നു തർജ്ജിമ ചെയ്യിച്ച് അച്ചടിപ്പിച്ച കൃംതാ പ്രാർത്ഥനാ പുസ്തകത്തിന്റെ ആദ്യ പതിപ്പിൽ ആ വാചകം ചേർത്തിരിക്കുന്നത് നോക്കണം. അതിങ്ങനെയാണ് "കർത്താവേ! നിന്റെ കരുണയിൽ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളോട് കരുണ ചെയ്യണമേ." ഇവിടെ "മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ" എന്ന വിശേഷണം കർത്താവിനോട് ചേർത്തിട്ടില്ലെങ്കിലും സഭയുടെ വിശ്വാസത്തെ അലങ്കോലപ്പെടുത്തിയിട്ടില്ല. അത് നമ്മുടെ പൂർവ്വികന്മാരുടെ മേന്മയാണ് ("നിത്യാക്ഷരങ്ങൾ" III 575-ാം വശം കാണുക).

ഈ വിഷയം അടിസ്ഥാനമാക്കി ഇത്രയും പ്രസ്താവിച്ച നിലയ്ക്ക് ആ പ്രാർത്ഥനാഭാഗം എങ്ങനെ തർജ്ജിമ ചെയ്യാമെന്നു കൂടെ ചൂണ്ടിക്കാണിക്കട്ടെ. സുറിയാനി മൂലത്തിൽ ആ പ്രാർത്ഥനയുടെ ആദ്യ വാചകം സുറിയാനി അറിയാവുന്നവർ വായിച്ചു നോക്കുക. അതിങ്ങനെ വിവർത്തനം ചെയ്യാം. "മഹോന്നതന്റെ മറവിൽ ഇരിക്കുന്നവൻ, കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ (വസിക്കുന്നു)" അഥവാ, "മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ!" എന്നു സുറിയാനി മൂലത്തിലില്ല. 91-ാം സങ്കീർത്തനത്തിന്റെ ആദ്യത്തെ രണ്ടു വാക്യങ്ങൾ അടിസ്ഥാനമാക്കി എഴുതിയ ഒരു ഗാനഭാഗമാണിത്. ആ വാക്യങ്ങളിലും ഇങ്ങനെ ഒരു പ്രയോഗമില്ല. "മഹോന്നതന്റെ മറവിൽ ഇരിക്കുന്നവൻ" എന്നത് "കർത്താവിനെ" അല്ല വിശേഷിപ്പിക്കുന്നത്. പ്രാർത്ഥിക്കുന്നയാൾ സ്വയം വിവരിക്കുന്നതാണ്. അത് പരാവർത്തനം ചെയ്യുന്നതായാൽ, "മഹോന്നതനായ കർത്താവേ! ഞങ്ങൾ നിന്റെ മറവിൽ നിന്റെ കരുണയുടെ നിഴലിൽ വസിക്കുന്നു. ഞങ്ങളെ മറച്ചു ഞങ്ങളോട് കരുണ ചെയ്യണമേ" എന്നായിരിക്കും.

രണ്ട്, ആരാധന സന്ദർഭോചിതമായി ഹൃദയാവർജകമാക്കുവാൻ അദ്ദേഹത്തിന് താത്പര്യമുണ്ടായിരുന്നു. ഇതിനുദാഹരണമായി മാർ ദീവന്നാസ്യോസ് ചെയ്ത ഒരു ഗാനവിവർത്തനം എടുത്തു കാണിക്കാം. വി. കുർബാന അർപ്പിക്കുന്ന വൈദികൻ പടിഞ്ഞാറോട്ടു വന്നു ജനത്തിന് കൂദാശ നല്കിയശേഷം കിഴക്കോട്ടു തിരിച്ചു പോകുന്ന സന്ദർഭം. അവിടെ ചൊല്ലുന്ന ഗാനം സുറിയാനി മൂലത്തിൽ നിന്നും രണ്ടു വിധത്തിൽ തർജ്ജമ ചെയ്തു നമുക്കു ലഭിച്ചിട്ടുണ്ട്. അവയിൽ ഒന്ന്:

മരിച്ചോർക്കുയിരേകുന്നോനേ!
അവരുടെ ശരണവുമായോനേ!
നിന്നെ കുമ്പിടുമേ ലോകം,
നാവുകൾ നിൻ നാമം വാഴ്ത്തും,
ഹാലേലുയ്യാ.

മറ്റേത്,

ഭൂവാകെ നമിക്കും നിന്നെ,
നാവുകൾ നിൻ നാമം വാഴ്ത്തും.
കബറടഞ്ഞോർ തൻ ശരണം നീയേ
മൃതർ തന്നുയിർപ്പും നീ തന്നെ,
ഹാലേലുയ്യാ.

രണ്ടു വിവർത്തനങ്ങളും സുറിയാനി മൂലവുമായി ചേർന്നുപോകുന്നവയാണ്. എന്നാൽ ജനങ്ങൾ വി. കുർബാന അനുഭവിച്ചു ആ ദിവ്യദാനത്തിനുവേണ്ടി ദൈവത്തിന് സ്തോത്രം അർപ്പിക്കുന്ന സാഹചര്യത്തിൽ രണ്ടാമത്തേത് ഒന്നാമത്തേതിനേക്കാൾ മേന്മയുള്ളതെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. ഈ രണ്ടാമത്തേത് മാർ ദീവന്നാസ്യോസിന്റെ തർജ്ജമയാണെന്നത്രെ എന്റെ അറിവ്.

മതസംഗതി 19-ാം ഖണ്ഡികയിൽ പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ചുള്ള പരാമർശനം കാണാം. ഒരു വിവാദ വിഷയമായിത്തീർന്നിരുന്ന ഈ പാരമ്പര്യം ആസ്പദമാക്കി രണ്ട് കാര്യങ്ങൾ ഗ്രന്ഥകർത്താവ് ചൂണ്ടിക്കാണിക്കുന്നു. ഒന്നാമത്, പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയുടെ ന്യായീകരണം; രണ്ടാമത്, അത് സംബന്ധമായുണ്ടാകാവുന്ന തെറ്റിദ്ധാരണകൾ നീക്കേണ്ടയാവശ്യം. രണ്ട് സംഗതികൾ ന്യായീകരണമായി

എടുത്തു കാണിക്കുന്നു. ഒന്ന്: പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാണ്. തന്മൂലം അവർ ദൈവവുമായുള്ള സംസർഗ്ഗത്തിൽ കഴിയുന്നു. രണ്ട്: പരിശുദ്ധാത്മാവിന്റെ വ്യാപാരം മൂലം അവർ മാലാഖമാരെപ്പോലെ ദൈവത്തെ സ്തുതിക്കുകയും ലോകത്തിൽ ജീവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ നാം പരിശുദ്ധന്മാരെ ബഹുമാനപൂർവ്വം സ്മരിക്കുകയും, അവർ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കണമേ എന്നു അപേക്ഷിക്കുകയും വേണം.

ഇത് സംബന്ധമായി നാം നീക്കേണ്ട രണ്ട് തെറ്റിദ്ധാരണകളുണ്ട്. ഒന്ന്, പരിശുദ്ധന്മാരെ ദൈവത്തിന് സമന്മാരാക്കരുത്. അവരെ ദൈവത്തിന്റെ ഇഷ്ടന്മാരായി മാത്രം വേണം കരുതുവാൻ. എന്നാൽ ലോകത്തിലുള്ള കാര്യങ്ങളെ ഗ്രഹിച്ചുകൊണ്ടിരിക്കത്തക്ക അറിവ് ദൈവം അവർക്കും മാലാഖമാർക്കും കൊടുത്തിട്ടുണ്ട്. രണ്ട്: പരിശുദ്ധന്മാരുടെ പ്രാർത്ഥന അപേക്ഷിക്കുന്നതു മൂലം അവരെ ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതയിൽ നാം ഉൾപ്പെടുത്തുന്നില്ല. യേശുക്രിസ്തു നമുക്കും പരിശുദ്ധന്മാർക്കും ഒരുപോലെ ദൈവവുമായി മദ്ധ്യസ്ഥനാണ്. എന്നാൽ അവർ ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിനോടു കൂടെ സ്ഥിതി ചെയ്യുന്നതിനാൽ, അവരും നാമുമായി യേശുക്രിസ്തുവിൽ ആദ്ധ്യാത്മികമായ സംസർഗ്ഗമുണ്ട്. പരേതരായ ക്രൈസ്തവ സഹോദരങ്ങളേയും പരിശുദ്ധ ജീവിതം നയിച്ചതായി കരുതപ്പെടുന്നവരെയും ഓർത്ത് അവരുടെ പ്രാർത്ഥന അർത്ഥിക്കുന്ന പതിവ് ആദിമകാലം മുതൽ സഭയിൽ നിലനിന്നിരുന്നതാണ്. അതിനെ ഭക്തിപൂർവ്വം കൊണ്ടാടുന്നതു നമ്മുടെ കടമയാണ്.

പരേതർക്കുവേണ്ടി കഴിക്കുന്ന പ്രാർത്ഥന മതസംഗതി 20-ാം ഖണ്ഡികയിൽ പ്രതിപാദിക്കുന്നു. അതിനനുകൂലമായ ന്യായങ്ങൾ പ്രധാനമായി മൂന്നാണ്. ഒന്ന്, യേശുക്രിസ്തുവിന്റെ രക്ഷണ്യവ്യാപാരം എല്ലാം ആദാം മുതൽ അവസാന നാൾ വരെയുമുള്ള മനുഷ്യവർഗ്ഗം മുഴുവനുംവേണ്ടി നിർവ്വഹിച്ചിട്ടുള്ളതാണ്. വിശ്വാസികളായ പരേതരെ ഓർക്കുന്നതു മൂലം ഈ സത്യം നാം നമ്മുടേതാക്കിത്തീർക്കുന്നതെയുള്ളു. രണ്ട്, യേശുക്രിസ്തു തലയായിരിക്കുന്ന സഭാ ശരീരത്തിൽ ആദാം മുതലുള്ള സർവ്വ മനുഷ്യരും അംഗങ്ങളത്രെ. പരേതരും യേശുക്രിസ്തുവിന്റെ ശരീരത്തിൽ, നമ്മേപ്പോലെ, അവയവങ്ങളാകയാൽ അവരെ ഓർത്തു അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു ന്യായമാകുന്നു. മൂന്ന്, മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവ് യഹൂദസഭയിലുണ്ടായിരുന്നതും ക്രൈസ്തവ സഭ ആരംഭം മുതൽ തന്നെ അത് നിലനിർത്തിവരുന്നതുമാണ്.

ഇതിനും ഒരു മറുവശമുണ്ട്. മരിച്ചശേഷം മറ്റുള്ളവർ പ്രാർത്ഥിച്ചുകൊള്ളുമെന്നുള്ള മിഥ്യാബോധത്തിൽ ജഡമയമായി ജീവിച്ചു ലോകത്തിൽ നിന്നും കടന്നുപോയവർക്ക് പ്രാർത്ഥനകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകണമെന്നില്ല. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വിശ്വാസമവലംബമാക്കി ജീവിക്കുന്നവരെ ഉദ്ദേശിച്ചാണ്. അവിശ്വാസികൾക്കു വേണ്ടിയല്ല.

പരിശുദ്ധന്മാരോടും പരേതർക്കു വേണ്ടിയുമുള്ള പ്രാർത്ഥനയുടെ അടിസ്ഥാനമായി മാർ ദീവന്നാസ്യോസ് ആറാമൻ കാണുന്നത് സഭയുടെ സമ്പൂർണ്ണതയിൽ അവരുമുൾക്കൊള്ളുന്നു എന്ന വേദശാസ്ത്രപരമായ ആശയമാണ്. അതിനാൽ നാം അവർക്കുവേണ്ടിയും, അവർ നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്.

മതസംഗതിയുടെ 15-ാം ഖണ്ഡികയിൽ നോമ്പിനെപ്പറ്റിയുള്ള പ്രതിപാദനം കാണാം. നോമ്പ് ദൈവം ആദിയിൽ ആദാമിനും ഹവ്വായ്ക്കും നല്കിയിരുന്ന കല്പനയിൽ (ഉല്പത്തി 2:17) അധിഷ്ഠിതമാണ്. ആ പതിവ് യഹൂദന്മാർ നിലനിർത്തി വന്നു. നമ്മുടെ കർത്താവും ആദിമസഭയും അത് ആചരിച്ചുമിരുന്നു. നാം നോമ്പ് ആചരിക്കുന്നത് തിന്മകളിൽ നിന്നു മൊഴിഞ്ഞ് ആത്മാവിൽ ശക്തി പ്രാപിക്കുന്ന അനുഭവത്തിലായിരിക്കണം. നോമ്പിന്റെ ഉദ്ദേശ്യം ജഡകാര്യങ്ങളേക്കാൾ ആത്മീയ കാര്യങ്ങളെ വിലമതിക്കണമെന്ന് പഠിപ്പിക്കുന്നതും, ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിപ്പെടുത്തുന്നതും, ശാരീരിക മോഹങ്ങളെ നിരോധിച്ചു ആത്മാവിനെ ദൈവിക കാര്യങ്ങളിലേക്ക് ഉണർത്തുന്നതും, സാത്താനെ ജയിക്കുവാനുള്ള ആയുധം പ്രാപിക്കുന്നതുമാണ്. നോമ്പാചരിക്കുന്നതുമൂലം ശരീരത്തിനും മനസ്സിനും ലഭിക്കാവുന്ന ആരോഗ്യപരവും ശിക്ഷണപരവു

പരിശുദ്ധന്മാരോടും പരേതർക്കു വേണ്ടിയുമുള്ള പ്രാർത്ഥനയുടെ അടിസ്ഥാനമായി മാർ ദീവന്നാസ്യോസ് ആറാമൻ കാണുന്നത് സഭയുടെ സമ്പൂർണ്ണതയിൽ അവരുമുൾക്കൊള്ളുന്നു എന്ന വേദശാസ്ത്രപരമായ ആശയമാണ്. അതിനാൽ നാം അവർക്കുവേണ്ടിയും, അവർ നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്.

മായ പ്രയോജനം മതസംഗതി പ്രത്യേകം എടുത്തു പറയുന്നില്ലെങ്കിലും, അത് ഗ്രന്ഥകർത്താവ് സ്വീകരിക്കുന്ന ആശയം മാത്രമാണ്.

സഭയിൽ നിലവിലുള്ള ബുധനാഴ്ച-വെള്ളിയാഴ്ച നോമ്പും മറ്റു അഞ്ചു നോമ്പുകളും മതസംഗതി ചൂണ്ടിക്കാണിക്കുന്നു. നോമ്പാചരിക്കേണ്ടവിധം ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നു.

5. ഉപസംഹാരം

ദൈവത്തിന്റെ ത്രിയേകത്വം, പുത്രനായ ദൈവം യേശുക്രിസ്തുവിൽ മനുഷ്യവത്ക്കരണം പ്രാപിച്ച വസ്തുത, പരിശുദ്ധാത്മ വ്യാപാരം, കൂദാശകൾ, സഭാജീവിതത്തിൽ വൈദികരും വിശ്വാസികളും അറിഞ്ഞിരിക്കേണ്ട വസ്തുതകൾ ഇവയെല്ലാം ലളിതമായ ഭാഷയിൽ, 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലെ കേരളസഭയുടെ പശ്ചാത്തലത്തിനു വിധേയമായി, സാധാരണ മനുഷ്യർക്കുപോലും മനസ്സിലാക്കുവാൻ സാധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ രചിച്ച ഒരു വിശിഷ്ട കൃതിയാണ് മതസംഗതി. കേവലം ബുദ്ധിപരവും ന്യായോക്തിപരവുമായ അടിസ്ഥാനത്തിലല്ല, വേദപുസ്തകമാധാരമാക്കിയാണ് ആ ഗ്രന്ഥം ചമച്ചിരിക്കുന്നത്. ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഓരോ ആശയങ്ങൾക്കനുയോജ്യമായി തോന്നാവുന്ന വേദപുസ്തക ഭാഗങ്ങൾ എടുത്തു കാണിച്ചിട്ടുണ്ട്. പഴയനിയമ-പുതിയനിയമമുൾക്കൊള്ളുന്ന വേദപുസ്തകം ഗ്രന്ഥകർത്താവിന് നല്ല നിശ്ചയമായിരുന്നു എന്നു വ്യക്തമാണ്. അങ്ങനെ എടുത്തു കാണിച്ചിരിക്കുന്ന വേദപുസ്തക ഭാഗങ്ങളിൽ ചിലതെല്ലാം അന്നു മനസ്സിലാക്കിയിരുന്നവിധം ഇന്നു മനസ്സിലാക്കിയെന്നു വരുകയില്ല. അതുപോലെ ത്രിത്വ വിശ്വാസമാസ്പദമാക്കി 4-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതലും, യേശുക്രിസ്തുവിനെ അധികരിച്ചു 5-ാം നൂറ്റാണ്ടു മുതലും പൗരസ്ത്യ സഭാപിതാക്കന്മാർ കൈക്കൊണ്ടിരുന്ന നിലപാടുകൾ മാർ ദീവന്നാസ്യോസ് അവലംബിച്ചിരുന്നതിൽ നിന്നും ഒരളവിൽ വ്യത്യസ്തമായിരുന്നു.

വേദശാസ്ത്രപരമായി മാർ ദീവന്നാസ്യോസ് നിലനിർത്തുവാൻ യത്നിച്ചത് അന്ത്യോഖ്യൻ സുറിയാനി സഭയുടെ ഉപദേശ പാരമ്പര്യമായിരുന്നു. 13-ാം നൂറ്റാണ്ടുകൊണ്ട് വളർച്ച നിന്നുപോയിരുന്ന ആ പാരമ്പര്യത്തെ കാലോചിതമാക്കുവാൻ അദ്ദേഹം റോമൻ കത്തോലിക്കാ സഭയിൽ നിന്നും ആംഗ്ലേയ സഭയിൽ നിന്നും ലഭിച്ച ആശയങ്ങളെ ഉപയോഗപ്പെടുത്തി. എന്നാൽ വേദശാസ്ത്രപരമായോ ചരിത്രപരമായോ അന്ത്യോഖ്യൻ സുറിയാനി സഭാ പാരമ്പര്യത്തിൽ നിന്നും വ്യതിചലിക്കുവാൻ അദ്ദേഹത്തിന് ഉദ്ദേശ്യമില്ലായിരുന്നു.

ഈ അന്ത്യോഖ്യൻ പ്രേമമായിരുന്നു മാർ ദീവന്നാസ്യോസിന് അദ്ദേഹത്തിന്റെ സഭാസേവനത്തിൽ ഏറ്റവും വലിയ വിലങ്ങുതടിയായി ഭവിച്ചത്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ മുൻഗാമി ആ അടിസ്ഥാനം 1876 -ലെ മുളന്തുരുത്തി സുന്നഹദോസു വഴി ഭാഗികമായിട്ടായിരുന്നു എങ്കിലും സ്ഥാപിച്ചിരുന്നതാണ്. 19-ാം നൂറ്റാണ്ടിലെ സമുദായ കേസുകളിൽ, ഇരുഭാഗത്തിൽപെട്ടവരും, മറുഭാഗത്തെ തോല്പിക്കുവാൻ വേണ്ടി, മലങ്കര സഭയുടെ പൂർവ്വചരിത്രം മറന്ന്, അന്ത്യോഖ്യൻ സുറിയാനി സഭാദ്ധ്യക്ഷന്റെ അധീശത്വം മലങ്കരസഭമേലുള്ളതായി അവകാശപ്പെട്ടു. പിന്നീട് നവീകരണ വിഭാഗം ആ വാദഗതി ഉപേക്ഷിച്ചു എങ്കിലും, യാക്കോബായ വിഭാഗം അതിനെ സ്വായത്തമാക്കി. അതായിരുന്നു മാർ ദീവന്നാസ്യോസിന്റെ പശ്ചാത്തലം. അതിലുറച്ചു നിന്നുകൊണ്ടു മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം സധൈര്യം പോരാടി. ആ മഹാത്മാവിന് ഹാർദ്ദവമായ അഭിവാദനങ്ങൾ.

(വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ്,
ചരമ കനക ജൂബിലി സ്മരണിക ഫെബ്രുവരി 23, 1984
പേജ്: 8, 17-18, 105-109)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

"എനിക്ക് മനസ്സുണ്ട് നീ ശുദ്ധമാക"

വലിയ നോമ്പിലെ രണ്ടാം ഞായർ (ഗർബോ)

(വി. ലൂക്കോസ് 5: 12-16, 4: 40-41)



ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

രൂപാന്തരത്തിന്റെ അനുഭവത്തിലൂടെ കഴിഞ്ഞ ഒരാഴ്ച സഞ്ചരിച്ച് നോമ്പിന്റെ രണ്ടാമത്തെ ആഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ നോമ്പനുഷ്ഠാനം മൂലം സാത്താനെയും അവന്റെ സകല സൈന്യങ്ങളെയും വിജയിക്കുവാൻ നമുക്ക് കഴിയട്ടെ. യേശുതമ്പുരാന്റെ മരുഭൂമിയിലെ നാല്പതു ദിവസത്തെ നോമ്പനുഷ്ഠാന സമയത്തു സാത്താനെ തോല്പിച്ച് തന്റെ പിന്നിലേക്ക് ഓടിച്ചതുപോലെ ഈ നോമ്പിന്റെ കാലഘട്ടത്തിൽ നമ്മുടെ ജീവിതത്തിൽ കടന്നുവരുന്ന സകല പരീക്ഷണങ്ങളെയും അതിജീവിക്കുവാൻ നമുക്ക് സാധിക്കണം. നോമ്പിലെ സെദറാ പ്രാർത്ഥനയിൽ നാം ഇപ്രകാരം വായിക്കുന്നു "കർത്താവെ ഞങ്ങളുടെ അത്യാവശ്യ സമയത്ത് കല്ലുകാണിച്ചുകൊണ്ട് അപ്പമായിത്തീരുവാൻ അവൻ ആവശ്യപ്പെടുന്നു എങ്കിൽ ഞങ്ങളെ ഉദരസ്നേഹത്തിൽ കുടുക്കുവാൻ അവൻ ഉദ്യമിക്കുകയാകുന്നു. അപ്പോൾ സർവ്വജ്ഞനായ നിന്റെ ഉപദേശപ്രകാരം "മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടു മാത്രമല്ല. പിന്നെയോ ദൈവത്തിന്റെ തിരുവായിൽ നിന്ന് പുറപ്പെടുന്ന സകല വചനങ്ങളാലുമാണ്" എന്ന് അവനു മറുപടി കൊടുപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെ. ദ്രവ്യാഗ്രഹമാകുന്ന പരീക്ഷയാൽ ഞങ്ങളെ വീഴ്ത്തുവാൻ അവൻ ഒരുങ്ങുന്നു എങ്കിൽ "സാത്താനേ എന്റെ പിന്നിൽ പോക. എന്തെന്നാൽ നിന്റെ ദാവമായ കർത്താവിനെ മാത്രം വന്ദിക്കണം അവനെ മാത്രം സേവിക്കണം" എന്ന് അവനു മറുപടി കൊടുപ്പാൻ ഞങ്ങളെ വിജ്ഞാനികളാക്കണമെ. വ്യാജസ്തുതിയാകുന്ന വ്യർത്ഥസംഭാഷണങ്ങളെ വിതയ്ക്കുവാൻ അവൻ ധൈര്യപ്പെട്ടാൽ "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്ന് മറുപടി കൊടുത്ത് അവനെ നാണിപ്പിക്കുവാൻ ഞങ്ങൾക്ക് ശക്തി നൽകണമെ. കർത്താവെ അവന്റെ ദുഷ്ടതയാൽ ഞങ്ങൾ പിടിക്കപ്പെടുവാൻ നീ അനുവദിക്കരുതെ. കർത്താവെ പ്രശംസയും അഹങ്കാരവും കൂടാതെ നോമ്പുനോക്കുവാൻ ഞങ്ങൾക്ക് സംഗതി വരുത്തണമെ. വെടിപ്പുള്ള പ്രാർത്ഥനകളും കീർത്തനങ്ങളും ആത്മീയ സ്തോത്രങ്ങളും മൂലം അവനെതിരായി ഞങ്ങൾ ആത്മീയാസ്ത്രങ്ങൾ അയയ്ക്കുമാറാകണമെ. ഞങ്ങളുടെ ശരീരങ്ങൾ സുകൃതവേലയ്ക്കുതകുന്ന ആയുധമായിരിക്കണമെ. പരിശുദ്ധാത്മാവു മൂലം ഞങ്ങളുടെ ആത്മജീവനെ ഊർജ്ജിതപ്പെടുത്തണമെ. നിന്റെ വിശുദ്ധന്മാരുടെ ജീവിതത്തിൽ നന്മയിൽ ഞങ്ങൾ ആനന്ദിക്കണമെ. ഈ ഒരു പ്രാർത്ഥനയോടുകൂടി ഈ നോമ്പിൽ നമുക്ക് മുന്നേറാം.

വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച കുഷ്ഠരോഗികളുടെ ഞായർ എന്നു വിളിക്കുന്നു. സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരെയും അനാഥരെയും അഗതികളെയും പലതരത്തിലുള്ള മാറാരോഗങ്ങളെയും ഒക്കെ അനുഭവിച്ചു കഴിയുന്നവരെ എല്ലാം നമുക്ക് ഓർക്കാം. ഇന്നത്തെ ഏവൻഗേലിയോൻ ഭാഗം വി. ലൂക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായം 12 മുതൽ 16 വരെയും 4-ാം അദ്ധ്യായം 40 മുതൽ 41 വരെയുള്ള വാക്യങ്ങളാണ്. യേശുമിശിഹാ ഒരു കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കുന്ന സംഭവമാണിവിടുത്തെ പ്രതിപാദ്യ വിഷയം.

എനിക്ക് മനസ്സുണ്ട് നീ ശുദ്ധമാവുക

കുഷ്ഠരോഗിയുടെ അവസ്ഥ യേശുക്രിസ്തുവിന്റെ കാലത്ത് വളരെ ദാരുണമായിരുന്നു. കുഷ്ഠരോഗി സമൂഹത്തിൽ നിന്നും മതജീവിതത്തിൽ നിന്നും നിഷ്ക്കാസിതനായിരുന്നു. കുഷ്ഠരോഗികൾ എത്രമാത്രം അശുദ്ധരാണെന്നും അവരുടെ ശുദ്ധീകരണത്തിന് എന്തെല്ലാം നടപടികൾ എടുക്കണമെന്നും ലേവ്യ പുസ്തകം 14-ഉം 15-ഉം അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. ഒരു യഹൂദനും കുഷ്ഠരോഗിയെ തൊടുവാൻ ധൈര്യപ്പെടുകയില്ല. തൊട്ടാൽ തൊടുന്നയാൾ അശുദ്ധനാകും. ഈ സാഹചര്യത്തിലാണ് യേശുക്രിസ്തു ഒരു കുഷ്ഠരോഗിയെ എനിക്ക് മനസ്സുണ്ട് എന്നു പറഞ്ഞു തൊട്ടുസൗഖ്യമാക്കുന്നത്. കുഷ്ഠരോഗം, ശാരീരികവും, മാനസികവും, ആത്മീയവും, സാമൂഹ്യവും, മതാത്മകവുമായ ഗോരാവസ്ഥയുടെ പ്രതീകമാണ്.

ശാരീരികമായ രോഗാവസ്ഥയുടെ വ്യക്തമായ ഉദാഹരണമാണ് കുഷ്ഠരോഗം. കുഷ്ഠരോഗിയുടെ കോശങ്ങൾ ദിനംതോറും മരിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ എപ്പോഴും മരണത്തെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിക്ക് യേശുതമ്പുരാൻ നേരിട്ട് സ്പർശിച്ച് ജീവൻ നൽകുന്നു. ശാരീരികമായ ഏതു മരണസാഹചര്യത്തിന്റെയും മേൽ ശക്തിയുള്ളവനാണ് ദൈവം എന്ന് ഇത് വ്യക്തമാക്കുന്നു. അതുപോലെതന്നെ മാനസികവും ഏറ്റവും തകർന്നവരുടെ പ്രതിനിധിയാണു കുഷ്ഠരോഗി. കാരണം അയാൾ നിരപരാധി ആയിട്ടുപോലും ആരുടെയും സംസർഗ്ഗം അയാൾക്കു ലഭിക്കുന്നില്ല. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനായി, തള്ളപ്പെട്ടവനായി അവൻ ജീവിക്കുന്നു. എന്നാൽ യേശുതമ്പുരാൻ ഇവന്റെ അടുക്കലേക്ക് കടന്നുവന്ന് അതുവരെ അവിടെ നിലനിന്ന സാമൂഹ്യവും മതപരവുമായ എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തി ആ കുഷ്ഠരോഗിയെ സ്പർശിച്ച് അയാളുടെ വ്യക്തിത്വത്തെ അംഗീകരിക്കുന്നു.

ആത്മീയമായ രോഗാവസ്ഥയുടെ സൂചനയും കൂടിയാണ് ഈ കുഷ്ഠരോഗി നമുക്ക് നൽകുന്നത്. കുഷ്ഠരോഗം വന്നാൽ അയാളുടെ സ്പർശനശക്തി നഷ്ടപ്പെടുന്നു. അതുപോലെ ആത്മീയമായ രോഗാവസ്ഥയിലായിരിക്കുന്നവരുടെ പ്രതികരണശേഷി നഷ്ടപ്പെടുന്നു. "നിങ്ങൾ ചെവിയാൽ കേൾക്കും, ഗ്രഹിക്കയില്ലതാനും. കണ്ണാൽ കാണും ദർശിക്കയില്ലതാനും. ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു" (വി. മത്തായി 13:14). കണ്ണുണ്ടായിട്ടു കാണാതെയും, ചെവിയുണ്ടായിട്ടു കേൾക്കാത്തതുമായ അവസ്ഥയെ സ്പർശനം കൊണ്ടു ധന്യമാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു." നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് നാം ആത്മാർത്ഥമായി പറയുകയാണെങ്കിൽ മകനെ, മകളെ, എനിക്കു നിന്നെ ശുദ്ധമാക്കുവാൻ മനസ്സുണ്ട് എന്ന് ദൈവം നമ്മോടു പറയുകയും നമ്മെ ശുദ്ധമാക്കുകയും ചെയ്യും. സ്വന്തം കുറ്റംകൊണ്ടല്ലാതെ സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ടവരും അസമത്വത്തിനു വിധേയരായവരെ എല്ലാം ഇവിടെ കർത്താവ് ചേർത്തു പിടിക്കുന്നു. സമൂഹത്തിൽ നിന്നും പല രീതിയിലുള്ള ഒറ്റപ്പെടുത്തലാൽ മാറ്റിനിർത്തപ്പെട്ടവരെ ഒക്കെ നമുക്ക് ചേർത്ത് എനിക്ക് ആരും ഇല്ല എന്ന ചിന്തയിൽ നിന്ന് എനിക്ക് എല്ലാവരും ഉണ്ട് എന്നെ എല്ലാവർക്കും വേണം എന്ന് ശുഭചിന്തയിലേക്ക് വളർത്തുവാൻ നമ്മുടെ തൊടലും, സാമീപ്യവും, ഇടപെടലും എല്ലാം ഇടയാകട്ടെ.

ഇക്കാര്യം നീ ആരോടും പറയരുത്

രോഗസൗഖ്യം കിട്ടിയവനോട് യേശുനൽകിയ ഒന്നാമത്തെ നിർദ്ദേശം. "ഇക്കാര്യം നീ ആരോടും പറയരുത്. ഇങ്ങനെ നിർദ്ദേശിക്കുന്നതിന്റെ അർത്ഥം യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയുടെ ആന്തരിക അർത്ഥം മനസ്സിലാക്കാതെ യേശുക്രിസ്തു ബാഹ്യമായ ശാരീരികസൗഖ്യം നൽകുന്നവനായി മാത്രം യേശുവിനെ തെറ്റിദ്ധരിച്ച് ആളുകൾ കാര്യസാദ്ധ്യത്തിനു മാത്രമായി ഓടിക്കൂടുന്നതിന് ഒഴിക്കാനായിരിക്കാം ഇതിന്റെ പിന്നിലുള്ള ഉദ്ദേശം. നാം എന്തിനാണ് ക്രിസ്തുവിനെ അനുകരിക്കുന്നത്. എന്തെങ്കിലും വ്യക്തിലാഭത്തോടെയോ എന്തെങ്കിലും കാര്യസാദ്ധ്യത്തിനോ ആണോ നാം ക്രിസ്തുവിനെ അനുഗമിക്കുന്നത്. യേശുതമ്പുരാൻ ഒരു അത്ഭുതപ്രവർത്തകൻ അല്ല ദൈവരാജ്യത്തിന്റെ മ്ശിഹായുടെ പ്രവൃത്തികൾ ആണ് ക്രിസ്തു ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ കഴിയണം.

നിന്നെത്തന്നെ പുരോഹിതനു കാണിച്ചുകൊടുക്കുക

ഒരു വ്യക്തി കുഷ്ഠരോഗിയായി കഴിഞ്ഞാൽ അവനെ പാളയത്തിനു വെളിയിൽ ആക്കും. പിന്നീട് അവനും അവൻ താമസിച്ച ഭവനവും വിശുദ്ധിയായോ എന്ന് തീരുമാനിക്കുന്നത് പുരോഹിതനാണ്. "പുരോഹിതൻ പാപയാഗം അർപ്പിച്ചു അശുദ്ധിപോക്കി ശുദ്ധീകരിക്കപ്പെടുന്നവനുവേണ്ടി പ്രായശ്ചിത്തം കഴിച്ചശേഷം ഹോയാഗ മൃഗത്തെ അറുക്കേണം. പുരോഹിതൻ ഗോമയാഗവും ഭോജനയാഗവും യാഗപീഠത്തിന്മേൽ അർപ്പിക്കേണം. അങ്ങനെ പുരോഹിതൻ അവനുവേണ്ടി പ്രായശ്ചിത്തം കഴിക്കേണം. എന്നാൽ അവൻ ശുദ്ധിയുള്ളവനാകും" (ലേവ്യ 14:19–20). അതുകൊണ്ടാണ് യേശുതമ്പുരാൻ അവനു നിർദ്ദേശം കൊടുക്കുന്നത് "പോയി നിന്നെത്തന്നെ പുരോഹിതനു കാണിച്ചു കൊടുക്കുകയും മോശ കല്പിച്ചിട്ടുള്ളതനുസരിച്ച് ജനങ്ങൾക്ക് സാക്ഷ്യത്തിനായി ശുദ്ധീകരണ കർമ്മങ്ങൾ ചെയ്യുക. യേശുതമ്പുരാൻ ആ മനുഷ്യനു സൗഖ്യം നൽകി സാമൂഹ്യപരവും മതപരവുമായ സ്വാതന്ത്ര്യം അവനു വീണ്ടെടുത്തു നൽകി. അതുകൊണ്ടാണ് മോശ അനുശാസിക്കുന്ന കർമ്മങ്ങൾ നടത്താൻ യേശു അവനോട് ആവശ്യപ്പെടുന്നത്. ശുദ്ധിപ്രാപിക്കുന്ന രോഗി ശുദ്ധീകരണ കർമ്മങ്ങൾ നടത്തി കാഴ്ചകൾ സമർപ്പിച്ച് പുരോഹിതനിൽ നിന്ന് ഔദ്യോഗിക സാക്ഷിപത്രം നേടുകയും ചെയ്താൽ മാത്രമേ അവനു സമൂഹത്തിൽ പുനഃപ്രവേശനം ലഭിക്കുകയുള്ളു. യഹൂദനിയമങ്ങൾ ഇവിടെ യേശു ശരിവെക്കുന്നു. കുഷ്ഠരോഗിക്ക് സൗഖ്യം നൽകിയത് യേശു വരുവാനിരിക്കുന്ന മ്ശിഹാ ആണെന്നതിന്റെ അടയാളം കൂടിയാണ്. മാത്രമല്ല ആരും തന്നെ നിയമങ്ങൾക്കതീതരല്ല. നാം എല്ലാം നിയമങ്ങൾക്ക് വിധേയപ്പെട്ടു ജീവിക്കേണ്ടവരാണെന്നും ഇതിലൂടെ വ്യക്തമാക്കുന്നു.

അവനോ നിർജ്ജനസ്ഥലത്തേക്ക് വാങ്ങിപ്പോയി

രോഗശാന്തിയുടെ ഫലമായി യേശുവിന്റെ കീർത്തി പൂർവ്വാധികം വർദ്ധിച്ചു. കുഷ്ഠരോഗം സുഖപ്പെട്ടവൻ പുരോഹിതന്റെ അടുക്കൽ എത്തി തന്റെ സൗഖ്യത്തിന് അംഗീകാരം നേടാൻ ചെന്നപ്പോൾ ഈ സംഭവം പരസ്യമായതിനാലാവാം യേശുവിന്റെ കീർത്തി പൂർവ്വാധികം വർദ്ധിച്ചു. പ്രശസ്തി ഏറുമ്പോഴും ജനം കൂടുതലായി സമീപിക്കുമ്പോഴും വിജനസ്ഥലത്തേക്ക് പ്രാർത്ഥിപ്പാൻ മാറിപ്പോകുന്ന യേശുമിശിഹായുടെ മാതൃക എത്ര ഉദാത്തമാണ്. എന്നാൽ ഇന്ന് എല്ലാവരും പ്രശസ്തിയാണ് ആഗ്രഹിക്കുന്നത്. പ്രശസ്തിക്കുവേണ്ടി പരസ്യങ്ങളുടെയും സാമൂഹ്യമാദ്ധ്യമങ്ങളുടെ പുറകെ പോകുന്ന ആധുനിക മതനേതാക്കൾക്ക് യേശുക്രിസ്തുവിന്റെ ഈ മാതൃക പിൻപറ്റുവാൻ ഇടയാകണം. പലപ്പോഴും വിലകുറഞ്ഞ പല മാർഗ്ഗങ്ങളിൽകൂടി സ്വന്തം മഹത്വം പെരുപ്പിച്ചു കാണിക്കുവാൻ മനുഷ്യൻ ശ്രദ്ധാലുക്കളാകാറുണ്ട്. ഇവിടെ ഒക്കെ ദൈവകൃപയുടെ മഹത്വം തിരിച്ചറിയുവാൻ നമുക്ക് കഴിയട്ടെ.

സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കുന്നവരുടെ ശബ്ദമായി യേശുതമ്പുരാൻ മാറുന്നു. കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കിയതിലൂടെ അതുവരെ സമൂഹത്തിൽ നിലനിന്ന അനാചാരങ്ങളെയും തെറ്റായ നിയമങ്ങളെ ഒക്കെ കാറ്റിൽ പറത്തി മ്ശിഹാ വന്നിരിക്കുന്നത് ഈ ഒറ്റപ്പെട്ടവരെയും ഒക്കെ ചേർത്തു നിർത്തുവാനാണ് എന്ന് ഇവിടെ സ്ഥാപിക്കുന്നു. ശാരീരികമായ രോഗങ്ങളാൽ പ്രയാസപ്പെടുന്നവരെയും പാപരോഗങ്ങളാൽ വലയുന്നവരെയും സ്വാന്തനിപ്പിക്കുവാനും അവരെ കേൾക്കുവാനും നമുക്ക് സാധിക്കണം. കൂടാതെ പാപത്തിന്റെ അടിമത്വത്തിൽപെട്ട് അഗാധകുഴിയിൽ ആണ്ടുകിടക്കുന്നവരെ പാപത്തിൽനിന്നും വിടുവിക്കുവാനും തിരിച്ചുകൊണ്ടുവരുവാനും നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കണം. നാമും ഒരുപക്ഷേ പാപരോഗത്താൽ കുഷ്ഠം നിറഞ്ഞവരാണെങ്കിൽ കർത്താവ് നമ്മോടും പറയുന്നു "മനസ്സുണ്ട് നീ ശുദ്ധമാവുക" എന്ന വാക്ക് ശ്രവിച്ച് നമുക്ക് നമ്മെത്തന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കാം.

❑




പ. പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണയിൽ ഒപ്പം പദ്ധതി

കുന്നംകുളം: പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ സ്മരണ നിറഞ്ഞ സമ്മേളനത്തിൽ ബഥനി ആശ്രമത്തിന്റെ ഒപ്പം പദ്ധതിക്ക് തുടക്കം. പരിശുദ്ധ ബാവയുടെ സ്മരണാർത്ഥം ആശ്രമം തുറന്ന പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബഥാനിയ പകൽ വീടിന്റെ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായാണ് ഒപ്പം പദ്ധതി നടപ്പാക്കുന്നത്. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന, പകൽ വീട്ടിൽ എത്താൻ പ്രയാസമുള്ളവർക്ക് അങ്ങോട്ട് ചെന്ന് മരുന്ന്, ഭക്ഷണം തുടങ്ങിയവ എത്തിക്കുന്ന പദ്ധതിയാണിത്.

ആശുപത്രിയിൽ പോകാൻ സഹായം, ഡോക്ടറെ കാണാൻ അപ്പോയിൻമെന്റ് എടുത്തു നൽകുക തുടങ്ങിയ ആവശ്യമുള്ളവർക്ക് വാളണ്ടിയർമാർ വഴി സഹായം എത്തിക്കും. ഗായിക കെ. എസ്. ചിത്ര സമ്മേളനം ഉദ്ഘാടനം ചെയ്തു. നടനും സംവിധായകനുമായ വി. കെ. ശ്രീരാമൻ, നഗരസഭാധ്യക്ഷ സീതാ രവീന്ദ്രൻ, ബഥനി ആശ്രമം സുപ്പീരിയർ ഫാ. സക്കറിയ, റമ്പാൻ ജോസഫ്, ഫാ. സോളമൻ, ഫാ. ബെഞ്ചമിൻ എന്നിവർ പ്രസംഗിച്ചു.

പുസ്തകം



ഭാസുര തേജസ്:

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തായുടെ (1858–1934) ജീവിതവും ദർശനവും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ്രസാധകർ: എം.ഒ.സി പബ്ളിക്കേഷൻസ്, ദേവലോകം, കോട്ടയം

വില 120 രൂപ



"The Fall for the Rise"

(Healing the Leper : Second Sunday of the Great Lent)
Luke 5:12-16; 4:40-41

Fr. Geevarghese Thomas

The term "fall" in human history is generally ascribed and linked to the birth of sin. This fall delineates the distortions in the relationship of the creation with the Creator. Though, this "fall" stands utterly on the roots and nature of existentialism, God in His love abundance, offers the scope of transforming our "falls" into "a disguised fall" to rise up and be restored into the Paradisiacal ethnicity. What is this disguised fall?

Reflections

1. The "Disguised Fall" as the bridge towards Ecclesial life.

It was a belief from the Old Testament that leprosy was the visible effect of sin consuming up a wicked person to lead as a living dead. There were many laws and restrictions in inhabiting around the lepers. They led their life in remorse, seclusion and hopelessness. Here, in this Gospel account, the Leper must have been leading through these difficult stages, yet over the doubt of his catastrophic conditions he believed in the Power (Person) he sought help from. He had an inner catalyst with the "fall" (the sin following the consequences) and believed it in turning to the disguised fall. The disguised fall is the "realisation leading to repentance". The moment he saw Jesus, he "fell on his face" and prayed to Him. The Leper invited all of his existential faculties in experiencing the true confession before the absolute Love Incarnate! Confession is thus a holistic experience. It was his realised choice of conversion from the Fall (sin) to the Disguised Fall (Holy Confession - kneeling, admitting and seeking) which bridged him to the Ocean of Mercies! Later, Lord gives him a command to validate and cherish his healed state in the new habitat. As in his state of suffering (sin), he inhabited in remoteness; with his healing he is called to inhabit in a new commandment - *"....but go, show yourself to the priest and offer the sacrifices that Moses commanded for your cleansing, as a testimony to them."* He was been raised and called to an ecclesial life! What else would the Priest and the Laws of Moses would confer him? Jesus, the Word of God commands the creature (healed person) to resume in the Paradisiacal life (The Holy Church).

Every moment in this modern era is beautifully equipped with snares for our "fall". But the gravity of this fall is often experienced by the soul. The Leper teaches us to integrate our faculties in redeeming the soul from the clutches of modernism and transform the "falls" into the disguised falls with kneeling, admitting and seeking in the presence of the Lord. These dynamics are none other than a true Confession. Many faithful are being struck with the leprosy in spirit. This state withdraws us from the inhabitation "in" the Communion of Holy Mysteries. But, when we choose the catalyst of realisation and repentance, our human faculties are reconciled with self, with others and with God through the disguised fall and which raise us up, bridging us to reach the Tree of Life, which is the actualisation of the Ecclesial life!

2. Life ends up falling with demons and rising with angels.

Jesus' healing included outcasting the demons. *"Moreover, demons came out of many people, shouting, "You are the Son of God!" But he rebuked them and would not allow them to speak, because they knew he was the Messiah"* (Luke 4:41). By the virtue of ontology, "evil" sustains in the volume of image bearers of God. It aims to deceive us from being aware of the image. Metropolitan Geevarghese Mar Osthathios of blessed memory, in an interview said - "The Evil has no beginning but it does have an end." In Matthew 8:28-34 we read- *"The demons begged him, If you cast us out, send us into the herd of swine. And He said to them, Go. So they came out and entered the swine, and suddenly, the whole herd stampeded down the steep bank into the sea and drowned in the water."* On the Judgment, the "chariots of evil" will be thrown into the eternal fire and the "chariots of the Image" will enter the eternal Kingdom of God. Our journey on earth is to grow perfecting the bestowed image. Wherein, the Evil deceives us to fall. But, how can we rise or have a spiritual ascent? To be saved, we are being privileged for the divine assistance in our journey on earth. The Salvation of God is anthropocentric. Hebrews 1:14 says - *"Are not all angels, spirits in the divine service, sent to serve for the sake of those who are to inherit salvation?"* In the Supplication Hymn of Mar Ephraim, we sing-

Praise the One Watchers worship
Praise the One the angels serve
Lord of Watchers and angels
Hear the pleas of Your faithful

(*Bovutho* of Mar Ephraim, Prayer before sleep)

The author of Hebrews says, angels are serving the humankind. St. Ephraim says, angels are serving the Lord. They both have said so wisely and these two things complement our rise with angels. Interestingly, when all we the "chariots" with due preparations carry or receive the precious Body and Blood of Lord Jesus Christ in us, the angels become spirits in the divine service for us. They are ultimately serving the "Image" in us. And in communion with the angels, we are safeguarded from the fall and experience a spiritual ascent.

Conclusion

The love of God is all encompassing. It covers our multitude of sins. The only thing we need is the readiness to turn from the "falls" to a positive disguised falling before the Lord and inhabit the congenital favors of the Paradise. Amidst all the deceptions leading us to the fall, we need to be inoculated by the Holy Mysteries and be privileged to rise up with the angels who are spirits in the divine service for our salvation. May God bless us.

❑



പഴയസെമിനാരിയിൽ ശുബുക്കോനോ ശുശ്രൂഷയ്ക്ക് ഡോ. യാക്കോബ് മാർ ഐറേനിയോസ് നേതൃത്വം നൽകി.



അഖില മലങ്കര പ്രാർത്ഥനാ യോഗം 'സാമിപ്യം' പ്രോഗ്രാമിന്റെ കേന്ദ്ര തല ഉത്ഘാടനം പ്രാർത്ഥനാ യോഗം പ്രസിഡന്റ് ഡോ. ജോഷ്വാ മാർ നീക്കോദീമോസ് ഉത്ഘാടനം ചെയ്തു. ചെങ്ങന്നൂർ ഭദ്രാസനത്തിൽ പുലിയൂർ സെന്റ് ജോർജ് & സെന്റ് മേരീസ് ദേവാലയ അംഗം കാട്ടിൽ പറമ്പിൽ ജോൺ ഐപ്പിനെ സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തിയാണ് 'സാമിപ്യം' പ്രോഗ്രാമിന് തുടക്കം കുറിച്ചത്.



ഡോ. ജിപ്സൺ വി. പോൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമായി ചുമതലയേറ്റു. സുൽത്താൻബത്തേരി സെന്റ് മേരീസ് കോളജ് പ്രഫസറായി സേവനം അനുഷ്ഠിക്കുമ്പോളാണ് പി.എസ്.സി. അംഗമായി നിയമിക്കപ്പെട്ടത്. തിരുവനന്തപുരം പി.എസ്.സി. ഓഫീസ് ഹാളിൽ നടന്ന ചടങ്ങിൽ ചെയർമാൻ ഡോ. എം. ആർ. ബൈജു സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കുടുംബാംഗങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പടെ നിരവധിയാളുകൾ പങ്കെടുത്തു.



പരിശുദ്ധ വട്ടശ്ശേരിൽ ദീവന്നാസ്യോസ്: മലങ്കരസഭയെ ഭാസുരമാക്കിയ ക്രാന്തദർശി

കോട്ടയം: വിശുദ്ധിയിൽ മലങ്കരസഭയെ ഭാസുരമാക്കിയ ക്രാന്തദർശിയായിരുന്നു പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് എന്ന് ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസ് പറഞ്ഞു.

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 89–ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന ചരിത്ര സെമിനാർ പഴയസെമിനാരിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു അദ്ധ്യക്ഷത വഹിച്ചു. ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത 'വട്ടശ്ശേരിൽ തിരുമേനിയുടെ സഭാദർശനം' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. സത്യത്തിനും നീതിക്കും തത്വത്തിനുമായി ആജീവനാന്തം പോരാടിയ അസാധാരണ വ്യക്തിത്വമായിരുന്നു വട്ടശ്ശേരിൽ തിരുമേനിയെന്ന് ഐറേനിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. തദ്ദേശീയ ജനതയ്ക്ക് സ്വാതന്ത്ര്യത്തിന്റെ പുത്തൻ കാഴ്ചപ്പാടുകൾ അദ്ദേഹം പകർന്നു.

ഡോ. പോൾ മണലിൽ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പഴയസെമിനാരി മാനേജർ ഫാ. ജോസഫ് വർഗ്ഗീസ്, ഫാ. ഡോ. ജോസ് ജോൺ, ഫാ. ജോസഫ് കുര്യാക്കോസ് പാമ്പാടിക്കണ്ടത്തിൽ, കുഞ്ഞു കോശി പോൾ എന്നിവർ പ്രസംഗിച്ചു.

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത എഡിറ്റുചെയ്ത പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഡയറിക്കുറിപ്പുകളും' ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എഴുതിയ 'പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി: ഭാസുര തേജസ്' എന്ന ഗ്രന്ഥവും ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു.



വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂളിലെ നല്ല പാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ നിന്ന് സമാഹരിച്ച തുക വിദ്യാർത്ഥി പ്രതിനിധി ലിന്നു ആൻ വറുഗീസ്, കലയപുരം ആശ്രയ ചാരിറ്റബിൾ സൊസറ്റി പ്രതിനിധിക്ക് കൈമാറുന്നു. നല്ല പാഠം കോ–ഓർഡിനേറ്റർ ജിഷ തോമസ് സമീപം.



ഓറിയന്റൽ ഓർത്തഡോക്സ് വൈദികസംഘം മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി

റോം: ആഗോള കത്തോലിക്കാ സഭയുടെ എക്യുമെനിക്കൽ വിഭാഗമായ ഡൈകാസ്റ്ററി ഫോർ പ്രൊമോട്ടിംഗ് ക്രിസ്ത്യൻ യൂണിറ്റി, ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെ യുവവൈദികർക്കും സന്യാസിമാർക്കുമായി സംഘടിപ്പിച്ച റോം പഠന സന്ദർശനത്തിന്റെ ഭാഗമായി കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പായുമായി വൈദികസംഘം കൂടിക്കാഴ്ച നടത്തി. എക്യുമെനിക്കൽ വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന കർദ്ദിനാൾ കർട് കോക്ക്, ഫാ. ഹൈസന്ത് ദെസ്തിവെലെ എന്നിവരുടെ നേതൃത്വത്തിൽ വത്തിക്കാനിലെ അപ്പോസ്തോലിക് പാലസിൽ എത്തിയ വൈദികസംഘത്തെ മാർപാപ്പ സ്നേഹപൂർവ്വം സ്വീകരിച്ച് സന്ദേശം നൽകുകയും, സമ്മാനങ്ങൾ നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഫെബ്രുവരി 18 മുതൽ ആരംഭിച്ച സന്ദർശന പരിപാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഫാ. അനിഷ് കെ. സാം, ഫാ. ജെറി വർഗീസ്, ഡീക്കൻ ജിതിൻ മാത്യു ഫിലിപ്പ് എന്നിവർ സംബന്ധിക്കുകയും, പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ തിരുമേനിയുടെ ആശംസയും പ്രാർത്ഥനയും മാർപാപ്പായെ അറിയിക്കുകയും സമ്മാനം കൈമാറുകയും ചെയ്തു.

കത്തോലിക്കാസഭയുടെ വത്തിക്കാനിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, വിവിധ യൂണിവേഴ്സ്റ്റികൾ, വത്തിക്കാൻ സെക്രട്ടറിയേറ്റ്, വത്തിക്കാൻ മ്യൂസിയം, സെന്റ് പീറ്റേഴ്സ് ബസിലിക്കാ, വിവിധ ആശ്രമങ്ങൾ, ഫ്രഞ്ച് എംബസി എന്നിവിടങ്ങളിൽ സംഘം സന്ദർശനം നടത്തി. അർമീനിയൻ-കോപ്റ്റിക് ഓർത്തഡോക്സ് സഭകളുടെ ഇറ്റലിയിലെ ബിഷപ്പുമാരുമായും കൂടിക്കാഴ്ച നടത്തി. മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികസംഘം ഫെബ്രുവരി 26 ഞായറാഴ്ച റോമിലെ സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് കോൺഗ്രിഗേഷനിൽ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിച്ചശേഷം കേരളത്തിലേക്ക് മടങ്ങും.



തൃക്കുന്നത്ത് സെമിനാരി സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും ആലുവ ഗവൺമെന്റ് ഹോസ്പിറ്റലിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും നൽകുന്ന ഉച്ചഭക്ഷണ വിതരണം ഏഴു വർഷം പൂർത്തീകരിച്ചു.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ജന്മനാട്ടിൽ നിന്ന് കബറിങ്കലിലേക്കു പുറപ്പെട്ട തീർത്ഥാടന യാത്ര അല്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം പതാക കൈമാറി ഉദ്ഘാടനം ചെയ്തു.



ഡോക്ടറേറ്റ് ലഭിച്ചു

തോട്ടയ്ക്കാട്: പടിഞ്ഞാറ്റുകര ആദർശ് മർക്കോസ് ജോയിക്ക് ബിസിനസ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷനിൽ പി.എച്ച്.ഡി (നാഗ്പൂർ സർവകലാശാല) ലഭിച്ചു. ദുബായ് ഇസ്ലാ ഫൈബർ ഗ്ലാസ് കമ്പനി ഫിനാൻസ് മാനേജർ ആയി ജോലി ചെയ്തുവരുന്നു. കോട്ടയം പടിഞ്ഞാറ്റുകര ഡോ. ജോയി മർക്കോസിന്റെയും (ബർസാർ, ബസേലിയസ് കോളജ്, കോട്ടയം) ലൗലി ജോയിയുടെയും മകനാണ്. ഭാര്യ: പാത്താമുട്ടം സെന്റ് ഗിറ്റ്സ് എൻജിനീയറിങ് കോളജ് അസി. പ്രഫസർ ബിനി തോമസ്. മക്കൾ മരിയ, എൽസ. തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളി ഇടവകാംഗം



"ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ."

– പ. പരുമല തിരുമേനി

നിലയ്ക്കൽ ഭദ്രാസന സുവിശേഷസംഘം വലിയ നോമ്പിലെ ധ്യാനയോഗങ്ങൾ

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ വലിയനോമ്പിൽ നടത്തപ്പെടുന്ന ഡിസ്ട്രിക്ട്തല ധ്യാന യോഗങ്ങൾ ഫെബ്രുവരി 26-ന് ആരംഭിക്കും. ഫെബ്രുവരി 26-ന് കാട്ടൂർ സെന്റ് മേരീസ് പള്ളിയിലും മാർച്ച് 5-ന് വെച്ചൂച്ചിറ മാർ ഗ്രീഗോറിയോസ് പള്ളിയിലും മാർച്ച് 12-ന് പെരുനാട് ബഥനി സെന്റ് തോമസ് പള്ളിയിലും മാർച്ച് 19-ന് അയിരൂർ സെന്റ് മേരീസ് ചെറിയ പള്ളിയിലും മാർച്ച് 26-ന് ചെമ്പന്മുഖം സെന്റ് ജോൺസ് പള്ളിയിലും വച്ചാണ് ധ്യാന യോഗങ്ങൾ നടത്തപ്പെടുന്നത്. എല്ലാ യോഗങ്ങളിലും വൈകിട്ട് 5.30 മണിക്ക് സന്ധ്യാനമസ്കാരവും തുടർന്ന് ഗാനശുശ്രൂഷയും വചനശുശ്രൂഷയും നടക്കും.



പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളോടൊപ്പം കോട്ടയം ഓർത്തഡോക്സ് വൈദീക സെമിനാരിയിലെ 2019-2023 ബാച്ചിലെ ശെമ്മാശന്മാർ.



നീർവിളാകം സെന്റ് ഗ്രിഗോറിയോസ് ഇടവകയുടെ സിൽവർ ജുബിലീ ആഘോഷങ്ങൾ പരിശുദ്ധ ബാവാ ഉദ്ഘാടനം ചെയ്തു. ഡോ മാത്യൂസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു.



ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ രചിച്ച 'ഭാസുര തേജസ്: പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തായുടെ (1858-1934) ജീവിതവും ദർശനവും' എന്ന ഗ്രന്ഥം ഡോ. യാക്കോബ് മാർ ഐറേനിയോസ് പ്രകാശനം ചെയ്തു.



സംഗീത, സാഹിത്യ, കലാ മേഖലകളിൽ മികവ് പുലർത്തുന്നവർക്കു തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളി ഏർപ്പെടുത്തിയിരിക്കുന്ന മാർ അപ്രേം അവാർഡിനു അർഹനായ സിനിമ നിർമ്മാതാവും, തിരക്കഥാകൃത്തും, പ്രമുഖ സംവിധായകനും, നടനുമായ ബേസിൽ ജോസഫിന് സഖറിയ മാർ സേവേറിയോസ് പുരസ്ക്കാരം സമർപ്പിക്കുന്നു.



വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭാവി വികസനത്തെ ലക്ഷ്യമാക്കിക്കൊണ്ട് കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, കോട്ടയം-കോഴഞ്ചേരി സ്റ്റേറ്റ് ഹൈവേയിൽ നിന്ന് 16 അടി വീതിയോടു കൂടിയ വഴി ഉൾപ്പെടെ വാങ്ങിയ 41 സെന്റ് സ്ഥലത്തിന്റെ ആധാരത്തിൽ കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ സാന്നിദ്ധ്യത്തിൽ പ. കാതോലിക്കാ ബാവാ ഒപ്പ് വച്ചു.



വലിയ നോമ്പിന് പ്രാരംഭമായി ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ശുബ്ക്കോനോ ശുശ്രൂഷയ്ക്ക് പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ നേതൃത്വം നൽകി. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ശുശ്രൂഷയിൽ പങ്കെടുത്തു